
31 March 2013

# YOUTH VOICE

ST.THOMAS ORTHODOX YOUTH MOVEMENT
St.Mary's Indian Orthodox Cathedral
Kingdom of Bahrain



HE IS RISEN
HE IS RISEN INDEED

I am the resurrection and the life. The one who believes in me will live, even though they die

*Happy Easter!*

Issue 1 | March 2013

# YOUTH VOICE

A Publication of
ST.THOMAS ORTHODOX YOUTH MOVEMENT
ST.MARY'S INDIAN ORTHODOX CATHEDRAL
Kingdom of Bahrain.



**Patron Saint**
St. Thomas The Apostle

**Patron**
H.H Baselios Marthoma Paulose II
(Catholicose of the East & Malankara Metropolitan)

**President**
Rev.Fr. Jacob Koshy

**Chief Editor**
Anu K Varghese

**Editors**
Mathew Varghese
Lijo Thuruthel

**Cover Design**
Binu Veliyil

**Type Setting**
Abey Kallimel, Jibin John
Lijo Thuruthel, Anu T Koshy

**Photos**
Diju John, Christy P. Varghese
Eby Cherian

**Printers**
Najah Printing Press




പൗലോസ് ശ്ലീഹാ പറയുന്നു, ക്രിസ്തു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കയാൽ നാമും മരിച്ചുയിർത്ത് അവനോടുകൂടി ജീവിക്കും. ഈ പ്രത്യാശ നമുക്ക് സമാധാന സന്ദേശമാകട്ടെ.

അനുഗ്രഹീതമായ ഉത്ഥാനപ്പെരുന്നാളിൻെറ സമാധാനവും സന്തോഷവും ആശംസിച്ചു കൊണ്ട്,

**ബഹറിൻ സെൻറ് തോമസ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനം**

## ഉൾപേജുകളിൽ.....

എഡിറ്റോറിയൽ.......... 3
അനുഗ്രഹ സന്ദേശം .......... 4
പ്രസിഡന്റ് തിരുമേനിയിൽ നിന്നും.......... 5
ഇടയ സന്ദേശം.......... 6
നിത്യജീവിതത്തിലേക്കുള്ള മാർഗദർശി.......... 7
സെക്രട്ടറിയിൽ നിന്നും.......... 8
വിശ്വാസ രൂപീകരണം.......... 9
Jesus Broken the Tomb .......... 10
യൗവ്വനം ഒരു ചൈതന്യം.......... 11
ഡോ സജി ഫിലിപ്പുമായി അഭിമുഖം.......... 12
എളിയവന്റെ നിലവിളിക്കു.......... 14
SnapShots.......... 15..19
വി. ദൈവമാതാവിന് സഭയിൽ ഉള്ള സ്ഥാനം.......... 21
പരി. പരുമല തിരുമേനിയുടെ മഹത്വചനങ്ങൾ.......... 22
നമ്മളിൽ ക്രിസ്തു ജനിക്കുന്നുണ്ടോ?.......... 23
സ്മൃതി - കലാകായികമേള .......... 26
ബൈബിൾ ക്വിസ്.......... 28



# എഡിറ്റോറിയൽ

ബഹറിൻ സെൻറ് തോമസ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിൻെറ വാർത്താ പത്രികയായ "യൂത്ത്‌വോയ്സ്" പ്രസിദ്ധീകരണത്തിൻെറ 19-ാം വർഷത്തിലേക്ക് കടന്നിരിക്കുകയാണ്.........

വ്രതനിഷ്ഠയും, പ്രാർത്ഥനകളുമായി ആത്മസംയമനത്തോടെ നടത്തിയ തീർത്ഥാടനം തീരമണയുന്ന സുദിനമാണ് ഈസ്ററെന്ന ഉയിർപ്പുപെരുനാൾ. ക്രിസ്തീയസഭയുടെ ആരാധനാ ജീവിതത്തിൻെറ തുടക്കവും അടിസ്ഥാനവും അതോടൊപ്പം ഓരോ വിശ്വാസിയുടേയും വിശ്വാസത്തിൻെറ യും പ്രത്യാശയുടേയും ഉറവിടം കുടികൊള്ളുന്നത് യേശുക്രിസ്തുവിൻെറ ഉയിർപ്പിലാണ്. കാൽവറിയിലെ കുരിശിൽ മനുഷ്യരാശിയുടെ മുഴുവൻ പാപഭാരവുമായി ക്രൂശിക്കപ്പെട്ട് മൂന്നാം നാൾ ഉയിർത്തെഴുന്നേററ ആ ദിവ്യചൈതന്യം മാനവരാശിക്കു മുഴുവൻ സമാധാനവും സൻമനസ്സുമേകട്ടെ.

മനുഷ്യസമൂഹത്തെ ഒന്നാകെ തിൻമയിൽ നിന്നടർത്തി നൻമയുടെ പാതയിലേക്ക് കൈപിടിച്ചുയർത്തിയ മഹത്തായ സന്ദേശം ഈ വരുന്ന ഈസ്ററർ നാളിൽ നമുക്കായി ഒരുക്കട്ടെ എന്നാശിക്കുന്നതിനൊപ്പം യൂത്ത് വോയ്സിൻെറ 2013-ലെ ആദ്യ ലക്കം പ്രാർത്ഥനാപൂർവ്വം നിങ്ങളുടെ മുൻപിൽ സമർപ്പിക്കുന്നു.

പ്രതീക്ഷയുടേയും സ്നേഹത്തിൻെറയും സന്തോഷത്തിൻെറയും ഈസ്ററർ ആശംസകൾ ഏവർക്കും നേർന്നു കൊണ്ട്.

ഏഡിറേറാറിയൽ ബോർഡിനു വേണ്ടി,

അനു. കെ. വർഗീസ്
(ചീഫ് എഡിററർ)

*Message*

Website : www.mosc.in
Email : catholicos@mosc.in

Telephone : 0481-2574323, 2578500
Fax: 0481-2570569

# The Malankara Orthodox Syrian Church
**CATHOLICATE OF THE EAST**

**BASELIOS MARTHOMA PAULOSE II**
**CATHOLICOS OF**
**THE APOSTOLIC THRONE OF**
**ST.THOMAS**
**AND MALANKARA METROPOLITAN**

**CATHOLICATE PALACE**
**KOTTAYAM-686 038**
**KERALA, INDIA**


ഫെബ്രുവരി 26, 2013



## ആശംസ

ആത്മതപനത്തിലൂടെ പുതുക്കം പ്രാപിച്ച് ശക്തി പ്രാപിക്കുന്നതിന് നമ്മെ പ്രചോദിപ്പിക്കുന്ന പെരുനാൾ ആണ് ഉയിർപ്പു പെരുനാൾ. പരിശുദ്ധ ശ്ളീഹൻമാരും ആദിമസഭയും ക്രിസ്തുവിൻെറ പുനരുത്ഥാനത്തിന് ശക്തമായ സാക്ഷ്യം നൽകി. അവരുടെ ജീവിത ദർശനത്തേയും, ജീവിത ലക്ഷ്യങ്ങളേയും അടിമുടി സ്വാധീനിച്ച് ദൈവാനുഭവമായി കർത്താവിൻെറ ഉയിർപ്പ് നില കൊണ്ടു. അതു പോലെ നമുക്കും ദൈവാത്മ പുതുക്കത്തിന് ഉയിർപ്പു പെരുനാൾ മുഖാന്തിരമാവട്ടെ. സഹനത്തിൻെറയും സ്വയം പരിത്യാഗത്തിൻെറയും വിനയത്തിൻെറയും കഷ്ടാനുഭവ ദിനങ്ങൾ കടന്നാണ് പുനരുത്ഥാനപ്പെരുന്നാളിലേക്ക് നാം എത്തുന്നത്. ക്രിസ്തുവിൻെറ സഹനവും സ്വയം പരിത്യാഗവും നമ്മുടെ ജീവിതത്തിനു ഉത്തമ മാതൃകയാണ്. പുനരുത്ഥാനത്തിൻെറ നവ്യാനുഭവം നമ്മെ പുതുക്കത്തിലേക്കും പൂർണ്ണ സമർപ്പിത ജീവിതത്തിലേക്കും നയിക്കണം. സ്നേഹത്തിൻെറ പൂർണ്ണതയാണ് ക്രിസ്തുവിൽ നാം ദർശിക്കുന്നത്. മരണത്തിന്മേലും നാശത്തിന്മേലും ദൈവപുത്രൻ നേടിയ ജയം നമ്മെ സ്നേഹത്തിൽ തികവുള്ളവരാക്കുന്നതിനും ദൈവീകരാക്കുന്നതിനും പര്യാപ്തമാവണം.

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഒരു സമൂഹമാണ് ഇന്നുള്ളത്. ശീലങ്ങളും മൂല്യങ്ങളും കാഴ്ച്ചപ്പാടുകളും വർത്തനരീതികളുമെല്ലാം അതിദ്രുതം മാറുന്നു. ആഘോഷങ്ങൾ ലൗകികമായ ലഹരികളാൽ നിറയുന്നു. ദൈവവും ദൈവീകതയുമെല്ലാം ആഘോഷങ്ങളുടെ നിറക്കൂട്ടുകളിൽ വിസ്മരിക്കപ്പെടുന്ന കാഴ്ച്ച അനവധിയാണ്. അഴിമതിയും പക്ഷപാതവും അഹന്തയും കൊടികുത്തി വാഴുന്ന സമൂഹത്തിൽ പുതുക്കത്തിൻെറയും സമാധാനത്തിൻെറയും പ്രത്യാശയുടേയും അനുഗ്രഹത്തിൻെറയും സന്ദേശം നൽകുന്ന ഈ പെരുനാൾ നമുക്ക് പ്രകാശത്തിൻെറ തുരുത്തായി മാറട്ടെ. ഉയിർപ്പു പെരുന്നാളിൽ ബഹറിൻ സെൻറ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനം പ്രസിദ്ധീകരിക്കുന്ന "യൂത്ത് വോയ്സ്"-ന് എല്ലാ ആശംസകളും നേരുന്നു.



ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

# THE ORTHODOX CHRISTIAN YOUTH MOVEMENT OF THE EAST

Youhanon Mar Policarpos Metropolitan
President, Orthodox Youth Centre
St.Thomas Bhavan
Old Seminary Road,Kottayam – 686 001

P.B.No.61,
Thrikkunnathu Seminary, Aluva, 683 101
Tel: 0484-2624339, Fax: 0484-2622339
Email: marpolicarpos@yahoo.com

OCYM/05/2013

15th March 2013



ബഹറിൻ സെൻറ് മേരീസ് കത്തീഡ്രൽ ഇടവകയുടെ സെൻറ് തോമസ് യൂത്ത്മൂവ്മെൻറ് പ്രസിഡൻറിനും പ്രവർത്തകർക്കും, അംഗങ്ങൾക്കും വാഴ്വ്!

പ്രിയരേ,

നിങ്ങൾ "യൂത്ത് വോയ്സ്" എന്ന പേരിൽ മാസിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ നാം സന്തോഷിക്കുന്നതോടൊപ്പം ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. കാലത്തെ അറിയുവാൻ സഹായിക്കുക എന്നതാണ് ഏതൊരു കാലിക പ്രസിദ്ധീകരണത്തിൻേറയും ദൗത്യം. നാം ജീവിച്ചതും ജീവിക്കുന്നതുമായ ദേശത്തെ ആത്മീയമായ കാഴ്ചയിലേക്കും ഓർമ്മയിലേക്കും പുനരാനയിക്കുവാൻ നിങ്ങളുടെ പ്രസിദ്ധീകരണത്തിന് കഴിയട്ടെ എന്ന് മുന്നമെ ആശംസിക്കുന്നു. ഈ പ്രാവശ്യത്തെ ലക്കം ഇറക്കുന്നത് നമ്മുടെ കർത്താവിൻെറ ഉത്ഥാന പെരുനാളിനോടനുബന്ധിച്ചാണല്ലോ. സത്യമായി അവൻ ഉയിർത്തെഴുന്നേററു എന്നു മാലോകരെ അറിയിക്കുക എന്ന സുവിശേഷം നമ്മുടെ കർത്തവ്യമാണ്. അത് ജീവിതത്തിലൂടെയും പ്രവർത്തിയിലൂടെയും ആയിത്തീരുവാൻ തക്കവണ്ണം ഈ നോമ്പിൻെറ ദിനങ്ങൾ നിങ്ങൾക്ക് ഇടയാക്കട്ടെ. പശ്ചാത്താപത്തിൻെറയും പ്രായശ്ചിത്തത്തിൻെറയും പൂർണ്ണ നിറവോടെ വി.കുർബ്ബാന അനുഭവിക്കാനും ഉയിർത്തെഴുന്നേററ നമ്മുടെ കർത്താവിനെ നമ്മുടെ ഉള്ളിൽ പ്രതിഷ്ഠിക്കുവാനും നമുക്ക് ഇടയാകട്ടെ. കല്ലറയിലേക്ക് തൈലം പൂശുവാൻ പുറപ്പെട്ട സ്ത്രീകൾ ആശങ്കാകുലരായിരുന്നു. പക്ഷെ അവർ ആശങ്കപ്പെട്ടിരുന്ന കല്ല് ഉരുട്ടി നീക്കപ്പെടുകയും, ഉത്ഥാനത്തിൻെറ പരിമളശോഭ അവർക്കു ലഭിക്കുകയും ചെയ്തതു പോലെ, നിങ്ങളുടെ ജീവിതത്തിലും പ്രവർത്തനത്തിലും ഉണ്ടാകുന്ന എല്ലാ തടസ്സങ്ങളും പ്രതിബന്ധങ്ങളും നീക്കി സൗരഭ്യം വീശട്ടെ. എല്ലാ അനുഗ്രഹങ്ങളും കൃപയും ഉയിർത്തെഴുന്നേററ നമ്മുടെ കർത്താവിൻെറ സമാധാനവും നിങ്ങളിലും നിങ്ങളുടെ കുടുംബങ്ങളിലും നിങ്ങളുടെ ഇടവകയിലും വാഴട്ടെ എന്നാശംസിച്ചു കൊണ്ട് ചുരുക്കുന്നു.

*ദൈവം അനുഗ്രഹിക്കട്ടെ.*

YUHANON MAR POLICARPOS.

യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത

# ഇടയ സന്ദേശം



യുവജന പ്രസ്ഥാനംഗങ്ങളായ പ്രിയ സ്നേഹിതരേ,

ആത്മീയ ജീവിതപ്രയാണത്തിൽ ഒരു വലിയ നോമ്പു കാലം കൂടി പൂർത്തീകരിച്ച് നമ്മുടെ കർത്താവിൻെറ രക്ഷാകരമായ പുനരുത്ഥാനപ്പെരുന്നാളിലേക്ക് നാം വന്നിരിക്കുന്നു. പുതിയ പ്രത്യാശയും പുതിയ സന്തോഷവും പുതിയ ചിന്തകളും മനോഭാവവും നൽകുന്ന പുനരുത്ഥാനത്തിൻെറ സുവാർത്ത നമ്മുടെ ജീവിതത്തെ ആകമാനം സ്വാധീനിക്കുവാനും പരിവർത്തനം ചെയ്യിക്കുവാനും മതിയായതാണ്. ക്രിസ്തു ഉയിർത്തെഴുന്നേററിരിക്കുന്നു എന്ന യാഥാർത്ഥ്യത്തിൻറ പുതുക്കം നൽകുന്ന ഉറപ്പാണ് നാം ക്രിസ്ത്യാനികളായി തുടരുന്നതിൻെറ അടിസ്ഥാനം. ഈ ആത്മീയ സത്യത്തിൻെറ സന്ദേശം നമുക്കു കൈമാറാം. "അവൻ സത്യമായിട്ടും ഉയിർത്തെഴുന്നേററിരിക്കുന്നു. ക്രിസ്തു ഉയിർത്തെഴുന്നേററിരിക്കുന്നു.!"

എൻെറ പ്രിയപ്പെട്ട സ്നേഹിതരെ,

ഈ ദേവാലയത്തിൽ മൂന്നു വർഷത്തെ സേവനം പൂർത്തിയാക്കി 2 മാസങ്ങൾക്കു ശേഷം നിങ്ങളോടു വിട പറയുവാൻ ഞാനും കുടുംബവും ഒരുങ്ങുകയാണ്. ഈ ഇടവകയുടേയും പ്രസ്ഥാനത്തിൻെറയും പ്രവർത്തനങ്ങളിൽ നമ്മൾ ഒന്നിച്ചു കൈകോർത്തു പ്രവർത്തിച്ച കാലം വളരെ ഭാഗ്യകരമായി കരുതുകയാണ്. നിങ്ങൾ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട ഒരു സമൂഹമാണ്. സർഗ്ഗവാസനകൾ നിറഞ്ഞു നിൽക്കുന്ന, മൂല്യബോധം കൈമുതലാക്കിയ, ആരാധനാ ജീവിതത്തിലൂടെ വിശ്വാസ ജീവിതം ആഴത്തിൽ പണിതുറപ്പിക്കുന്ന, ദൈവസ്നേഹത്തിൽ നിറഞ്ഞ് അനാഥരുടെയും നിരാശ്രയരുടെയും കണ്ണീരൊപ്പുന്ന ഒരു ഉൽകൃഷ്ട സംസ്ക്കാരത്തിൻെറ വക്താക്കളാണ് നിങ്ങൾ. നിങ്ങളെ മനസ്സിലാക്കുവാനും നിങ്ങളിൽ നിന്ന് പഠിക്കുവാനും ഞാൻ ശ്രമിച്ചിട്ടുണ്ട്.

നിങ്ങൾ വളരുക, ഉത്കൃഷ്ഠ ഗുണമൂല്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുക. ദൈവം നിങ്ങളേയും നിങ്ങളുടെ മാതാപിതാക്കളേയും, കുഞ്ഞുങ്ങളേയും എല്ലാ പ്രിയപ്പെട്ടവരേയും അനുഗ്രഹിക്കട്ടെ. കാലത്തിൻെറ രാജവീഥിയിൽ തമ്മിൽ കണ്ടാൽ പുഞ്ചിരിക്കാൻ മറക്കരുത്. നൊമ്പരങ്ങളില്ല. ഓർക്കുക വല്ലപ്പോഴും.

"ആരും നിൻെറ യൗവ്വനം തുച്ഛീകരിക്കരുത്. വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്കു മാതൃകയായിരിക്ക."

1 തീമോത്തിയോസ് 4:12 - ഇത് എല്ലായ്പ്പോഴും ഓർക്കുക.

ഹൃദയപൂർവ്വമായ സ്നേഹാശംസകളോടെ,

ജേക്കബ് കോശി അച്ചൻ
പ്രസിഡൻറ്
bethelean@gmail.com



# നിത്യ ജീവിതത്തിലേക്കുള്ള മാർഗ്ഗദർശി - ക്രൂശ്

അന്ധകാരത്തേയും പാപത്തേയും ഉന്മൂലനം ചെയ്ത് മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റ ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ പുനരുത്ഥാനം കടന്നു വന്നിരിക്കുന്നു. വിനയത്തോടും താഴ്മയോടും അനുകമ്പയോടും കടന്നു വരുന്ന ഒരാൾക്ക് മാത്രമേ രക്ഷയുടെ അനുഭവം സാധ്യമാവുകയുള്ളൂ. ഈ താഴ്മയാണ് പിതാവിന്റെ ആഗ്രഹങ്ങൾക്ക് അനുസൃതമായി ജീവിച്ച പുത്രന്റെ കുരിശിലെ ത്യാഗം. പ്രത്യക്ഷമായി ആരാധനയിൽ നമ്മുടെ മുമ്പിൽ സ്ലീബാ സ്ഥാപിക്കുന്നതിനാലും ചില പ്രത്യേക അവസരങ്ങളിൽ സ്ലീബായുടെ മുമ്പിൽ വണങ്ങുന്നതിനാലും അത്യപൂർവ്വമായി നാം പ്രണമിക്കുന്നതിനാലും സ്ലീബായെ നാം ആരാധിക്കുന്നുവെന്ന തെറ്റായ വിവക്ഷ ഉണ്ടാകുന്നു. ഇവിടെ പ്രധാനമായും നാം അറിഞ്ഞിരിക്കേണ്ടത് ഒരർത്ഥത്തിലും സ്ലീബായെ നാം ആരാധിക്കുകയല്ല മറിച്ച് സ്ലീബായിൽക്കൂടി നാം ആരാധിക്കുന്നു എന്നതാണ്.

കുരിശ് അഥവാ പരിശുദ്ധ സ്ലീബാ സജീവമായ ഒരു സാന്നിധ്യവും മാധ്യമവും ഓർമ്മപ്പെടുത്തലും മാത്രമാകുന്നു. റോമാസാമ്രാജ്യത്തിൽ അതിനിന്ദ്യമായ ശിക്ഷകൾക്ക് ഉപയോഗിച്ചിരുന്ന കുരിശ് പിൽക്കാലത്ത് ക്രിസ്തീയ സഭയിൽ ബഹുമാന്യവും വന്ദ്യവുമായ പ്രതീകമായിത്തീർന്നു. ലോകരക്ഷകനായ ക്രിസ്തു തന്റെ ത്യാഗനിർഭരമായ മരണം ഏറ്റു വാങ്ങിയത് കുരിശിലാണ്. അത്യുദികവും അളവില്ലാത്തതുമായ ദൈവസ്നേഹമാണ് കുരിശു മരണത്തിന്റെ കാരണം തന്നെ. അതിന്റെ വലിയ ഓർമ്മപ്പെടുത്തലായി കുരിശിന്റെ സാന്നിധ്യം പ്രത്യക്ഷമായും പരോക്ഷമായും നമ്മുടെ ആരാധനയിൽ നിറഞ്ഞു നിൽക്കുന്നു. ആരാധനയിലുള്ള വി. സ്ലീബായുടെ സാന്നിധ്യം നമ്മെ ഓർമ്മിപ്പിക്കുന്നത് കുരിശിലേക്ക് നോക്കിയവരുടെ മുഖം ലജ്ജിച്ചു പോയില്ല, അവരുടെ മുഖം കൂടുതൽ ശോഭയുള്ളതായിത്തീർന്ന ഒരു സന്ദേശമാണ്. ക്രൂശ് രക്ഷയുടെ വാതിലാണ്. നിത്യജീവിതത്തിലേക്കുള്ള ഒരു മാർഗ്ഗദർശിയാണ്. ആ ക്രൂശിനെ മുൻനിർത്തി നമ്മുടെ ജീവിതം തന്നെ അനുഗ്രഹപൂർണ്ണമാക്കി, യാഗമായി സ്വയം അർപ്പിച്ച് ദൈവത്തിന് പ്രീതിയുള്ളവരായി ജീവിക്കാം.

മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റവനായ ലോക രക്ഷകനായ യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ ഏവർക്കും ആശംസകൾ നേർന്നു കൊണ്ട്,

സ്നേഹത്തോടെ, പ്രാർത്ഥനയോടെ,

ബിനു മാത്യൂ ഈപ്പൻ
വൈസ് പ്രസിഡന്റ്

## New Members...

Justin M Peter, Shibu George,
Saji Chacko, Reshma Sujith, Bibu M Chacko,
Bony Moncy George, Cyril K John



# സെക്രട്ടറിയിൽ നിന്നും....

കർത്താവിൽ പ്രിയരെ,

യുവജന പ്രസ്ഥാനത്തിൻെറ 2013 വർഷത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ നൽകിയ അവസരത്തിനായി ദൈവത്തെ സ്തുതിക്കുന്നു. പ്രസ്ഥാനത്തിൻെറ മുൻകാലങ്ങളിലെ വിവിധ പ്രവർത്തനങ്ങൾക്ക് ഇടവകയുടേയും, ഭദ്രാസനത്തിൻെറയും, സഭയുടെ ആകമാനമുള്ള പ്രശംസ നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ വർഷവും പ്രസ്ഥാനത്തിന് മികച്ച പ്രവർത്തനം കാഴ്ച്ച വെയ്ക്കുവാൻ വേണ്ടി സർവ്വശക്തനിൽ ശരണം പ്രാപിക്കുന്നു. ആരാധന, പഠനം, സേവനം എന്നിവ മുൻനിർത്തി പ്രവർത്തിക്കുന്ന പ്രസ്ഥാനത്തിൻെറ ഈ വർഷത്തെ പ്രവർത്തന ഉത്ഘാടനം ജനുവരി രണ്ടാം തീയതി ബഹു. വികാരിയച്ചൻ, കത്തീഡ്രൽ ട്രസ്ററി, സെക്രട്ടറി, ഭദ്രാസന കൗൺസിൽ മെംബർ, മാനേജിങ്ങ് കമ്മിററി അംഗങ്ങൾ, ആദ്ധ്യാത്മിക പ്രസ്ഥാനം ഭാരാഹികൾ എന്നിവരുടെ മഹനീയ സാന്നിദ്ധ്യത്തിൽ കൊട്ടാരക്കര-പുനലൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.യൂഹാനോൻ മാർ തേവോദോറസ് തിരുമേനി ഭദ്രദീപം കൊളുത്തി നിർവ്വഹിച്ചു.

ദൈവകൃപയാൽ ഈ വർഷത്തെ ബൈബിൾ റീഡിങ്ങ് കാർഡ് ജനുവരി ആദ്യ ആഴ്ച്ചയിൽ തന്നെ എല്ലാ കത്തീഡ്രൽ അംഗങ്ങൾക്കും വിതരണം ചെയ്യുവാൻ സാധിച്ചു. പരി. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 7-ാമത് ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് "ഒരു ക്രിസ്തുമസ് സന്ദേശം" എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗ മത്സരം സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുകയും ചെയ്തു. പ്രസ്ഥാനത്തിൻെറ നേതൃത്വത്തിൽ ജോബ് സെല്ലിൻെറ പ്രവർത്തനങ്ങൾ സുഗമമായി നടന്നു വരുന്നു.

കൂടുതൽ യുവതീയുവാക്കളെ പ്രസ്ഥാനത്തിലേക്ക് ആകർഷിക്കുന്നതിനായി ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മെംബർഷിപ്പ് കാമ്പയിൻ സംഘടിപ്പിക്കുകയും 7 പുതിയ അംഗങ്ങൾ കടന്നു വരികയും ചെയ്തു. വി. വലിയ നോമ്പിലെ എല്ലാ ബുധനാഴ്ച്ചകളിലും പ്രസ്ഥാനത്തിൻെറ നേതൃത്വത്തിൽ "സമർപ്പണ പ്രാർത്ഥന" നടത്തപ്പെട്ടു. സമർപ്പണ പ്രാർത്ഥനയുടെ അവസാന ദിവസം പ്രസ്ഥാന പ്രവർത്തകരെല്ലാം കുടുംബമായി വി. കുമ്പസാരം നടത്തി വി. കുർബ്ബാന അനുഭവിച്ച് അനുഗ്രഹം പ്രാപിച്ചു.

പരി. വട്ടശ്ശേരിൽ തിരുമേനിയുടെ സ്മരണാർത്ഥം ഇടവകയിലെ ആബാലവൃദ്ധം ജനങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ട് നടത്തുന്ന 'സ്മൃതി' കലാ കായിക മേളയുടെ ഉത്ഘാടനം ഫെബ്രുവരി 23-ാം തീയതി നടത്തപ്പെട്ടു. കലാ കായിക മേളയുടെ തുടർപ്രവർത്തനങ്ങൾ ഊർജിതമായി നടന്നു വരുന്നു. പ്രസ്ഥാനംഗങ്ങളുടെ സർഗാത്മകമായ കഴിവുകൾ പ്രോൽസാഹിപ്പിക്കുന്നതിനായി ''സർഗോൽസവ്-2013'' എന്ന പേരിൽ ബൈബിൾ റഫറൻസ്, ക്വിസ്, സ്കിററ്, വാക്യ മത്സരം, സമൂഹ ഗാന മത്സരം എന്നിവ നടത്തി വരുന്നു. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടത്തിയ മത്സരങ്ങൾ പ്രസ്ഥാനം പ്രവർത്തകരുടെ സജീവ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.

സഭയുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിൻെറ ഭാഗമായി നാഗ്പുർ സെമിനാരി ഫ്രണ്ട്ഷിപ്പ് പ്രൊജക്ടിൽ പ്രസ്ഥാനം അംഗമായി. "സ്നേഹദൂത്" ചാരിററി പ്രൊജക്ടിൻെറ ഭാഗമായി ഈസ്ററർ ദിനത്തിൽ മുംബൈയിലെ തെരുവു കുട്ടികൾക്ക് ഒരു നേരത്തെ ഭക്ഷണത്തിനുള്ള സഹായം നൽകുവാൻ സാധിച്ചു. ഈ വർഷം വിശുദ്ധ നാട്ടിലേക്ക് ഒരു തീർത്ഥാടനം നടത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ പുരോഗമിക്കുന്നു.

സോഷ്യൽ നെററ്വർക്കുകൾ നമ്മുടെ ദൈനംദിന ജീവിതത്തിൻെറ ഭാഗമായി മാറിയ ഈ കാലഘട്ടത്തിൽ പ്രസ്ഥാനത്തിൻെറ പ്രവർത്തനങ്ങൾ ലോകമാകമാനമുള്ള നമ്മുടെ സഭയിലെ അംഗങ്ങളിലേക്ക് എത്തിക്കുന്നതിനായി ഫേസ്ബുക്കിൽ അക്കൗണ്ട് തുറന്ന വിവരം ഏവരേയും സന്തോഷപൂർവ്വം അറിയിക്കട്ടെ.

ബഹറിൻ മാർത്തോമ്മാ യുവജന സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 22-ാം തീയതി വെള്ളിയാഴ്ച്ച നടത്തപ്പെട്ട എക്യുമിനിക്കൽ ക്വിസ് മത്സത്തിൽ നമ്മുടെ പള്ളിയെ പ്രതിനിധീകരിച്ച് മത്സരിച്ച പ്രസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭിച്ചു.

നമ്മുടെ ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളിലും പ്രസ്ഥാനംഗങ്ങൾ വളരെ സജീവമായി പങ്കെടുത്തു വരുന്നു. ദുഃഖവെള്ളിയാഴ്ച്ച ശുശ്രൂഷകൾക്ക് ശേഷം നടത്തപ്പെട്ട കഞ്ഞി വിതരണം പ്രസ്ഥാനത്തെ ഏൽപ്പിച്ച കൗണ്ടറുകളിൽക്കൂടി പ്രവർത്തകരുടെ നേതൃത്വത്തിൽ ചിട്ടയായും ഭംഗിയായും വിതരണം ചെയ്യുവാൻ സാധിച്ചു.

പ്രസ്ഥാനത്തിൻെറ കഴിഞ്ഞ മൂന്നു മാസത്തെ പ്രവർത്തനങ്ങൾക്ക് താങ്ങും തണലുമായി പ്രവർത്തിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നതോടൊപ്പം ഏവർക്കും പ്രത്യാശാ നിർഭരമായ ഉയിർപ്പു പെരുനാൾ ഹൃദയപൂർവ്വം ആശംസിക്കുന്നു.

ഷിബു. സി. ജോർജ്
സെക്രട്ടറി

Article



# വിശ്വാസ രൂപീകരണം - ഒരു കൂട്ടായ ഉദ്യമം

## ചില ചിന്തകൾ...

ഫാ. ഡോ. ഗീവർഗീസ്. കെ

ഒരു കുട്ടിയുടെ വിശ്വാസ രൂപീകരണം അതീവശ്രദ്ധ ആവശ്യമായ ഒരു പ്രക്രിയ ആണ്. ഈ പ്രക്രിയയിൽ ഇടവകയും കുടുബവും മുഖ്യ പങ്കു വഹിക്കുന്നു. ശിശുസ്നാനം സ്വീകരിക്കുന്ന ഒരു പൈതൽ വളർച്ചയുടെ വിവിധ ഘട്ടങ്ങൾ കടക്കുമ്പോൾ വിശ്വാസത്തിലുറയ്ക്കണമെന്നാണ് സഭ ആഗ്രഹിക്കുന്നത്. സാമൂഹ്യ-സാമ്പത്തിക-മതപരമായ സാഹചര്യങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾ ഒരു സാമൂഹ്യജീവി (Social Being) എന്ന നിലയിൽ മനുഷ്യരിലും മാറ്റങ്ങൾ സൃഷ്ടിക്കുന്നു. ഈ മാറ്റങ്ങൾ ഉയർത്തുന്ന പുതിയ വെല്ലുവിളികളെക്കുറിച്ച് നാം ബോധവാന്മാരാകണം. കൂട്ടുകുടുംബങ്ങൾക്കു പകരമായി അണുകുടുംബമാണ് ഇന്ന് നിലവിലുള്ളത്. തിരക്കേറിയ ജീവിതത്തിൽ മാതാപിതാക്കൾക്കു കുഞ്ഞുങ്ങളെ വേണ്ട രീതിയിൽ ശ്രദ്ധിക്കുവാൻ കഴിയാതെ പോകുന്നു. സമൂഹത്തിലുണ്ടാകുന്ന മാറ്റങ്ങൾ കുട്ടികളിൽ വലിയ സമ്മർദ്ദം ചെലുത്തുന്നു. പലർക്കും ദൃശ്യമാധ്യമം ഒരു Virtual Parents ആയിത്തീർന്നിരിക്കുന്നു. ഇങ്ങിനെയുള്ള സാഹചര്യത്തിൽ എന്ത് മാതൃകയാണ് നമുക്കു സ്വീകരിക്കുവാൻ കഴിയുന്നത്.? വി.വേദപുസ്തകത്തിൽ നിന്ന് ഒരു ഉദാഹരണം എടുക്കട്ടെ.

വി.പൗലോസ് ശ്ലീഹാ തീമോഥിയോസ്സിനു നല്കുന്ന സദുപദ്ദേശം ശ്രദ്ധിക്കുക. ""നീയോ ഇന്നവരോടു പഠിച്ചു എന്ന് ഓർക്കുകയും ക്രിസ്തു യേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷയ്ക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ അറിയുകയും ചെയ്യുന്നതു കൊണ്ട് നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിൽക്ക". (2 തീമോഥിയോസ്സ് 3 : 14, 15). താഴെ പറയുന്ന ചില ചിന്തകൾ ഈ വാക്യത്തിൽ നിന്ന് ഉരുത്തിരിയുന്നു.

**1. ബാല്യം മുതൽ വിശ്വാസപഠനം ആവശ്യമാണ്.**

വിശ്വാസം നഷ്ടമാക്കി ആത്മീയചൈതന്യം വികലമാക്കുന്നവരുടെ സ്വഭാവമാണ് 2 തീമോഥിയോസ് 3 : 1 - 14 വരെ വിവരിക്കുന്നത്. എന്നാൽ തീമോഥിയോസിന് ഇതിൽ നിന്നും വ്യത്യസ്ഥമായ ഒരു ജീവിതമാണുള്ളതെന്ന് പൗലോസിനറിയാം. തീമോഥിയോസ് വിശ്വാസത്തിൽ നിജപുത്രനെന്നാണ് പൗലോസ് സാക്ഷിക്കുന്നത്. (1 തീമോഥിയോസ് 1 : 2) ആരാണ് തീമോഥിയോസ്? അദ്ദേഹം ക്രിസ്ത്യാനി ആയിത്തീർന്ന ഒരു വിജാതീയനത്രേ. യവനനായ പിതാവും യഹൂദയായ മാതാവുമാണ് അദ്ദേഹത്തിനുള്ളത്. (അപ്പോ. പ്രവൃ. 16 : 1-3) എന്നാൽ അദ്ദേഹത്തിനു വളരെ ചെറുപ്പം മുതൽ നല്ല ആത്മീയശിക്ഷണം ലഭിച്ചു. അമ്മ യൂനിക്കയും വല്യമ്മ ലൂയിസും അദ്ദേഹത്തിന്റെ വിശ്വാസ രൂപീകരണത്തിൽ അതുല്യമായ സ്ഥാനം വഹിച്ചു. മശിഹായെക്കുറിച്ചുള്ള ചിന്തകളും, പ്രതീക്ഷകളും ചെറുപ്രായത്തിൽ തന്നെ അവനിൽ അവർ വളർത്തിയെടുത്തു. (2 തീമോഥിയോസ് 1:5, 3:15). സുവിശേഷ പ്രവർത്തനത്തിൽ തളർന്നു പോകാതിരിക്കാൻ ഈ ശിക്ഷണം അവന്നു ഗുണമായിത്തീർന്നു. (അപ്പോ. പ്രവൃ. 13-14, 16:1) ശൈശവത്തിൽ ഭവനത്തിൽ നിന്ന് ആർജിച്ച വിശ്വാസം പിന്നീട് പൂർണ്ണ വളർച്ച പ്രാപിക്കുകയും ക്രിസ്തുവിനു വേണ്ടി ത്യാഗങ്ങൾ സഹിക്കുവാൻ അവനെ പ്രാപ്തനാക്കുകയും ചെയ്തു. Nuclear Family സർവ്വസാധാരണമായതോടു കൂടി വിശ്വാസരൂപീകരണത്തിൽ മാതാപിതാക്കൾക്കുള്ള പങ്ക് വലുതാണെന്ന യാഥാർത്ഥ്യം വിസ്മരിച്ചു കൂടാ. നമ്മുടെ കുഞ്ഞുങ്ങൾ മാധ്യമ ഉപാധികളായ TV, Internet, Cellphone, Ipod, Video Games മുതലായവയിൽ അധികം സമയം ചിലവഴിക്കുമ്പോൾ, ശരിയായ ശിക്ഷണം ലഭിക്കുന്നുണ്ടോ എന്ന് സംശയമാണ്. കൂടുതൽ സമയം കണ്ടെത്തി കുട്ടികളെ വിശ്വാസത്തിൽ വളർത്താൻ ശ്രമിക്കണം.

**2. തിരുവെഴുത്തുകൾ വിശ്വാസ വർദ്ധനയ്ക്കുള്ള ഉപാധി**

തിരുവെഴുത്തുകൾ വിശ്വാസ രൂപീകരണത്തിന് അനുപേക്ഷണീയമാണ്. ക്രിസ്തുവിലുള്ള വിശ്വാസ വർദ്ധനയ്ക്കുള്ള ഉപാധിയായി തിരുവെഴുത്തുകളെ പൗലോസ് ശ്ലീഹാ കാണുന്നു. പൗലോസ് ശ്ലീഹാ ഈ ലേഖനമെഴുതുന്ന കാലത്ത് കർത്താവിന്റെ പഠിപ്പിക്കലുകൾ ഒരു ""ധാർമ്മികപ്രമാണ" മായി മാറിയിരുന്നു. തീമോഥിയോസ് ഉപയോഗിച്ചത് പഴയ നിയമ തിരുവെഴുത്തുകളായിരുന്നു. എന്നാൽ സഭ ഈ തിരുവെഴുത്തുകളെ "ക്രിസ്തു-സംഭവുമായി' (Christ - Event)

തുടർച്ച... പേജ് 10



# JESUS BROKEN THE TOMB

Fr. M.B George Chundamannil

The resurrection of Jesus Christ is a new hope to the humanity. The dawn of the day after the Sabbath, the tomb was found empty. The tomb was shut with a huge stone. Inside the tomb there was utter darkness. Jesus by the way of his resurrection broken the bondages of the eternal death and the tomb. And when the darkness was engulfed by the light of Jesus, the entire mankind was brought into the light of eternal life and salvation.

Mankind became the tombs of darkness, when he had spoiled the privilege to be the son of God. Gal: 5: 19, 20 the works of the flesh are Adultery, fornication, uncleanness, lasciviousness,

Idolatry, witchcraft, hatred, variance, emulations, wrath, strife, seditions, heresies,

Envyings, murders, drunkenness, revellings…….., leads to the dark tombs.

But Jesus resurrected from the tomb of eternal death and given a new light and hope to the world. The sign of resurrection testify to the victory of life over death, love over hatred and mercy over vengeance.

Let the "Youth Voice" bring new hopes to the parish especially to the youngsters those who are searching for the dew of water, in the wilderness of life struggle. I congratulate the Committee and the members of the youth movement for their blessed effort to publish this prestigious publication.

The risen Christ is indeed with you all.

**Fr. M B George Chundamannil**

Powai, Mumbai

## തുടർച്ച... വിശ്വാസ രൂപീകരണം

ബന്ധപ്പെടുത്തി വ്യാഖ്യാനിച്ചിരുന്നു. ആദിമ സഭയുടെ ഒരു പ്രധാന ചുമതലയും ഇതു തന്നെയായിരുന്നു. ക്രിസ്തുവിനെ കൂടുതൽ അറിയുന്നതിനും അവനിൽ വിശ്വസിക്കുന്നതിനും ഈ വ്യാഖ്യാനങ്ങൾ സഹായിച്ചു,. തിരുവെഴുത്തുകളുടെ പരമമായ ലക്ഷ്യം രക്ഷയിലേക്കു നയിക്കുകയാണെന്ന് അപ്പോസ്തോലൻ വ്യക്തമായി പ്രഖ്യാപിക്കുന്നു. തിരക്കേറിയ ആധുനിക ജീവിതത്തിൽ വി. വേദപുസ്തകം വായിക്കുവാനും പഠിക്കുവാനും ഇന്ന് സാധിക്കുന്നുണ്ടോ? വി.വേദപുസ്തക പഠനം വിശ്വാസ രൂപീകരണത്തിന് അനുപേക്ഷണീയമത്രേ..

**3. വിശ്വാസ സ്ഥിരത – രക്ഷയ്ക്ക് ആവശ്യം**

ബാല്യം മുതൽ പഠിച്ചും നിശ്ചയം പ്രാപിക്കുകയും ചെയ്തു വന്നതിൽ ഉറച്ചു നിൽക്കുവാൻ തീമോഥിയോസ്സിനോട് പൗലോസ് ആവശ്യപ്പെടുന്നു. ബാല്യകാലത്ത് പഠിച്ചവയിൽ നിന്ന് വ്യത്യസ്തമായ പഠിപ്പിക്കലുകളുമായി മററുള്ളവർ വിശ്വാസികളെ വഴി തെറ്റിക്കുന്ന ഒരു കാലഘട്ടമാണിത്. ആരിൽ നിന്ന് വിശ്വാസത്തിന്റെ പാഠങ്ങൾ പഠിച്ചു എന്നത് ഒരു വിശ്വാസിയെ സംബന്ധിച്ചു പ്രധാനമാണ് . തീമോഥിയോസ് വല്യമ്മയിൽ നിന്നും അമ്മയിൽ നിന്നും വിശ്വാസം പഠിച്ചു. ഇന്ന് ഒരു ശിശുവിനെ മാതാപിതാക്കളും സൺഡേസ്കൂൾ അദ്ധ്യാപകരും ചേർന്ന് വിശ്വാസ സത്യങ്ങൾ പഠിപ്പിക്കുന്നു. ഒരു പുരോഹിതന്റെ സ്ഥാനവും വിശ്വാസ രൂപീകരണത്തിൽ പ്രധാനമത്രേ. ചുരുക്കത്തിൽ വിശ്വാസ രൂപീകരണം മാതാപിതാക്കളുടെയോ, പുരോഹിതൻമാരുടെയോ, സൺഡേസ്കൂൾ അദ്ധ്യാപകരുടെയോ മാത്രമായ ചുമതലയല്ല. ഇത് കൂട്ടായ ഒരു ഉദ്യമമത്രേ. ഈ പരിശ്രമം നമ്മുടെ പുതിയ തലമുറയെ വിശ്വാസ സ്ഥിരതയിലേക്കു നയിക്കട്ടെ !



# യൗവ്വനം - ഒരു ചൈതന്യം

ഫാ. ബിജു ആൻഡ്രൂസ്, ഇടുക്കി

പരിശുദ്ധ സഭയുടേയും രാഷ്ട്രത്തിൻെറയും കരുത്തും ശക്തിയുമാണ് യുവജനങ്ങൾ. ജനസംഖ്യയുടെ പകുതിയിലധികം പേർ മുപ്പതു വയസ്സിനു താഴെ പ്രായമുള്ളവരാണ് എന്നത് മനുഷ്യ വിഭവശേഷിയുടെ അനന്തമായ സാധ്യതയിലേക്ക് വിരൽ ചൂണ്ടുന്നു. എങ്കിലും ഏറിയ പങ്കും തങ്ങളുടെ ശക്തിയെ തിരിച്ചറിയാത്തവരായി മാറുന്നു. മദ്യത്തിൻെറയും മയക്കുമരുന്നിൻെറയും ലൈംഗീക അരാജകത്വത്തിൻെറയും പിന്നാലെ നിമിഷ സുഖങ്ങൾ തേടി അലയുന്നു എന്നുള്ളത് ദുഃഖസത്യമാണ്.

യൗവ്വനം ജീവിതത്തിൻെറ നിർണ്ണായക ഘട്ടമാണ്. അത് പാളിയാൽ ജീവിതത്തിൻെറ താളവും പാളവും തെററും. ജീവിതം ദൈവദാനമാണ്. ആ ജീവിതം കൊണ്ട് സഭയ്ക്കും സമൂഹത്തിനും നന്മ ചൊരിയാനാവണം. അത് മററുള്ളവർക്ക് ഇടർച്ചയ്ക്കു കാരണമാവരുത്. എൻെറ ജീവിതം, അതിലെ നിലപാടുകൾ, മനോഭാവങ്ങൾ അനേകർക്കു പ്രചോദനമാവണം. നമ്മുടെ ദർശനം സമൂഹത്തിലും സഭയിലും അനുഗ്രഹകരമായ ചലനങ്ങൾ സൃഷ്ടിക്കണം.

നമ്മുടെ യൗവ്വന കാലം എങ്ങിനെ ദീപ്തമാക്കാം? ജീവിതം ദൈവസന്നിധിയിൽ സമർപ്പിച്ച് ഒരു സ്വയക്രമീകരണത്തിനു വിധേയമാക്കണം. ജീവിതത്തെക്കുറിച്ച് സമഗ്രമായ ഒരു കാഴ്ച്ചപ്പാടുണ്ടാകണം. അത് ജീവിതവിജയത്തിന് അനുപേക്ഷണീയമാണ്. ദൈവത്തിൻെറ മന്ദിരമായ ശരീരത്തെ വിശുദ്ധിയാടെ കാത്തു സൂക്ഷിക്കുമ്പോഴാണ് ജഡിക ആസക്തികളിൽ നിന്നും പാപങ്ങളിൽ നിന്നും കുതറി നിൽക്കാനുള്ള ബലം നാം ആർജിക്കുന്നത്. ഏതൊരു കർമ്മമേഖലയിലും ജീവിത വിജയം നേടാൻ ശാരീരിക ആരോഗ്യവും അതിൻറ സ്വസ്ഥതയും ആവശ്യമാണ്.

കാലാനുസൃതമായ അറിവും നന്മയിലധിഷ്ഠിതമായ മാറ്റവും നമ്മുടെ മാനസിക വളർച്ചയിൽ നിർണ്ണായകമാണ് ആദ്ധ്യാത്മികമായുള്ള നമ്മുടെ വളർച്ചയാണ് ഏറെ പ്രാധാന്യമർഹിക്കുന്നത്.

ദൈവമാണ് ദൗത്യങ്ങൾ ഏൽപ്പിക്കുന്നത് എന്ന് തിരിച്ചറിഞ്ഞുള്ള ഒരു ജീവിതശൈലി. അച്ചടക്കത്തോടും മനസാക്ഷിയുടെ ശുദ്ധിയോടും കൂടി പ്രവർത്തന മേഖലകളെ ക്രമീകരിക്കാനാവുന്നത് ഈ തിരിച്ചറിവിലാണ്.

ജീവിതം അർത്ഥ പൂർണ്ണമാകുന്നത് തനതായ ദർശനമുണ്ടാകുമ്പോഴാണ്. ദർശനമാണ് സ്വപ്നങ്ങളെ തരുന്നത്. അതിലൂടെയാണ് ജീവിതം സുന്ദരവും ഫലദായകവുമായി മാറുന്നത്. സ്വന്തം കഴിവും മികവും തിരിച്ചറിയലാണ് ദർശനം. ദൈവം ഏൽപ്പിച്ചുതരുന്ന ദൗത്യങ്ങളെ തിരിച്ചറിഞ്ഞാൽ ദർശനമാണ്. ഓരോരുത്തർക്കും വ്യത്യസ്തമായ ദൗത്യങ്ങളാണ് ദൈവം നൽകുന്നത്. ഞാൻ എൻെറ ദൗത്യങ്ങളെ തിരിച്ചറിയണം. അമിതമായ അനുകരണഭ്രമം കൊണ്ട് സ്വന്തം ദൗത്യങ്ങൾ തിരിച്ചറിയാതെ പോയാൽ നമ്മുടെ ജീവിതത്തിൻെറ സൗന്ദര്യം കെട്ടു പോകും. ജീവിതം പരാജയമാവും. സ്വയമായ തിരിച്ചറിവില്ലാതെപോകൽ ജീവിതത്തിലെ വലിയ ദുരന്തം തന്നെയാണ്.

നമ്മുടെ യൗവ്വന കാലം നമുക്കു ദീപ്തമാക്കാം. തെററും ശരിയും തിരിച്ചറിയാനുള്ള വിവേകം വർദ്ധിപ്പിക്കാം. ദൈവവിശ്വാസവും ഉൾവെളിച്ചവും നിശ്ച്ചയദാർഢ്യവുമുള്ള ഒരു ലോകത്തെ രൂപപ്പെടുത്താം. സഭയുടെ മതിലുകളെ ശക്തിപ്പെടുത്താം.

## ജോബ് സെൽ

യുവജന പ്രസ്ഥാനത്തിൻെറ നേതൃത്വത്തിൽ ഒരു ജോബ് സെൽ പ്രവർത്തിച്ചു വരുന്ന വിവരം സസന്തോഷം അറിയിക്കുന്നു. നമ്മുടെ അറിവിലോ, ജോലി ചെയ്യുന്ന സ്ഥാപനത്തിലോ ഏതെങ്കിലും ജോലിയുടെ ഒഴിവു വരികയോ, ആർക്കെങ്കിലും ജോലി ആവശ്യമായി വരികയോ ചെയ്താൽ പ്രസ്ഥാനത്തിൻെറ ഭാരവാഹികളുമായി ബന്ധപ്പെടുക.

ഷിബു. സി. ജോർജ്
സെക്രട്ടറി (39689639)

ബിനോജ് മാത്യൂ
കോ ഓർഡിനേററർ (36665376)

# ഡോ. സജി ഫിലിപ്പുമായി യൂത്ത് വോയ്സ് ചീഫ് എഡിറ്റർ ശ്രീ അനു. കെ. വർഗീസ് നടത്തിയ അഭിമുഖം

**കൊയ്നോണിയയിലൂടെ യുവജനപ്രസ്ഥാനം അയച്ചു തരുന്ന പണം താങ്കൾ വിനിയോഗിക്കുന്നതിനെപ്പററി ഒന്നു വിശദീകരിക്കാമോ?**

ഇന്ത്യ ഒഴികെ മററുള്ള എല്ലാ രാജ്യങ്ങളിലും കുഞ്ഞുങ്ങൾക്ക് ശസ്ത്രക്രിയകൾ നടത്താനുള്ള പദ്ധതികളും ഇൻഷ്വറൻസ് പരിരക്ഷയും ലഭ്യമാണ്. പക്ഷേ ഇന്ത്യയിൽ കുഞ്ഞുങ്ങളിൽ ഹൃദയശസ്ത്രക്രിയ ചെയ്യുവാനുള്ള പദ്ധതികൾ ഇല്ലാത്തതിനാലും കുഞ്ഞുങ്ങളിൽ പലരും, ഭൂരിഭാഗവും സമൂഹത്തിന്റെ താഴെത്തട്ടിൽ നിന്നും കടന്നു വരുമ്പോൾ അവരുടെ ഹൃദയശസ്ത്രക്രിയ്ക്കായി പണം കണ്ടെത്തുന്നത് വളരെ ഭാരമേറിയ ഒരു വിഷയമാണ്. അതിന്റെ നടുവിൽ ബഹറിൻ ഓർത്തഡോക്സ് യുവജനപ്രസ്ഥാനം ചെയ്യുന്ന വലിയൊരു സേവനമാണ് കൊയ്നോണിയയിൽ കൂടി കുഞ്ഞുങ്ങളുടെ ഹൃദയശസ്ത്രക്രിയ്ക്ക് വേണ്ടി പണം അയച്ചു തരുന്നത്. ആ തുക ഞങ്ങൾ വിനിയോഗിക്കുന്ന രീതി എങ്ങിനെയെന്നാൽ മാതാപിതാക്കൾ കടന്നു വരുമ്പോൾ തന്നെ അവരുടെ ജീവിത പശ്ചാത്തലത്തെക്കുിച്ച് വിശദമായ അന്വേഷണം നടത്താറുണ്ട്. ചിലർ ഡ്രൈവറന്മാർ, സാധാരണ തൊഴിലാളികൾ എന്നിവരായിരിക്കും കൂടുതലും. ആദ്യത്തെ റൗണ്ടിൽ അവരെക്കുറിച്ച് വിശദമായ പഠനം നടത്തുന്നതു കൂടാതെ 2-3 പ്രാവശ്യം ഞങ്ങളുടെ ഓ.പി വിഭാഗത്തിൽ വരുന്നതു കൊണ്ട് അവരെ വീണ്ടും വീണ്ടും നിരീക്ഷിച്ച് കള്ളത്തരമൊന്നുമില്ല എന്നു ബോധ്യപ്പെടുകയും അവരുടെ റേഷൻ കാർഡ്, വരുമാന സർട്ടിഫിക്കേററ്, പള്ളിയിൽ നിന്നുള്ള അച്ചന്റെ കത്ത് എന്നിവയും പരിശോധിച്ച് അതിൻപ്രകാരം അവരുടെ അപേക്ഷകൾ നിങ്ങൾക്ക് അയച്ചു തരികയും നിങ്ങൾ പണം അനുവദിക്കുകയും ആണ് ചെയ്യുന്നത്. അതുകൊണ്ട് നിങ്ങൾ നൽകുന്ന സഹായം 99 ശതമാനവും അർഹതപ്പെട്ടവർക്ക് തന്നെയാണ് ലഭിക്കുന്നത് എന്ന് ഞാൻ വിശ്വസിക്കുന്നു. കാരണം രോഗി പറയുന്നതേ എനിക്ക് വിശ്വസിക്കാനാവൂ. കഴിഞ്ഞ 5 വർഷക്കാലമായി 120-ൽപ്പരം കുട്ടികളുടെ ഹൃദയശസ്ത്രക്രിയ നിങ്ങളുടെ സഹായത്താൽ ചെയ്യുവാൻ സാധിച്ചതിൽ എനിക്ക് അഭിമാനം ഉണ്ട്. നിങ്ങളുടെ പ്രവർത്തനത്തെ വളരെയധികം അനുമോദിക്കുന്നു.



**കുഞ്ഞുങ്ങളിൽ ഹൃദ്രോഗം ഉണ്ടാകുവാനുള്ള കാരണങ്ങൾ എന്തെല്ലാമാണ്?**

ആയിരം കുഞ്ഞുങ്ങൾ ജനിച്ചാൽ അതിൽ 8 കുഞ്ഞുങ്ങൾക്ക് ഹൃദ്രോഗം ഉണ്ടാകുവാനുള്ള സാധ്യതയുണ്ട്. അത് വർഷങ്ങൾക്ക് മുമ്പും ഇപ്പോഴും ഒരേ ശതമാനം തന്നെയാണ്. അപ്പോൾ ചോദിച്ചേക്കാം ഇപ്പോഴാണല്ലോ ഹൃദ്രോഗം കൂടി വരുന്നതെന്ന്? അങ്ങിനെയല്ല. പണ്ട് ഇത് കണ്ടുപിടിക്കുവാനുള്ള ഒരു സാഹചര്യവും സൗകര്യങ്ങളുമൊന്നും ഡോക്ടറന്മാരുടെ ഇടയിൽ തന്നെ കുറവായിരുന്നു. Casuality -യിലേക്ക് ചികിത്സക്കായി കൊണ്ടുവരുമ്പോഴേക്കും കുഞ്ഞ് കുഴഞ്ഞു വീണു മരിച്ച സംഭവം ഉണ്ടായിട്ടുണ്ട്. സ്വഭാവിക മരണം ആയിട്ടാണ് അതിനെ കണ്ടിരുന്നത്. ഇപ്പോൾ പീഡിയാട്രിക്സ്, പീഡിയാട്രിക് കാർഡിയോളജിസ്റ്റും ധാരാളമായി വന്നതു കൊണ്ട് കുഞ്ഞുങ്ങളിൽ ഉള്ള ഹൃദ്രോഗത്തിന്റെ പ്രധാനപ്പെട്ട സൂചനകളും ലക്ഷണങ്ങളും നേരത്തേ തന്നെ മനസ്സിലാക്കാൻ സാധിക്കുന്നു. കുഞ്ഞുങ്ങളിൽ ഹൃദ്രോഗം ഉണ്ടാകുവാനുള്ള കാരണങ്ങൾ പലതാണ്. ഗർഭിണി ആയിട്ടും ഗർഭിണി ആണെന്നറിയാതെ കഴിക്കുന്ന മരുന്നുകളിൽ നിന്നും, പാരസിററാമോൾ, ബ്രൂഫെൻ എന്നീ മരുന്നുകൾ മൂലവും, ഛർദ്ദി തടയുവാനുള്ള മരുന്നിൽനിന്ന് ഉണ്ടാകുന്ന ദോഷങ്ങൾ, കൂടാതെ ഗർഭിണി ആയിരിക്കുമ്പോൾ ഉണ്ടാകുന്ന അണുബാധ, ചിക്കൻപോക്സ്, പകർച്ചപ്പനി എന്നീ രോഗങ്ങളും ഹൃദ്രോഗസാധ്യത വർദ്ധിപ്പിക്കുന്നു. ഏതു രോഗവും ആദ്യത്തെ മൂന്നുമാസത്തിനുള്ളിൽ ഉണ്ടായാൽ

കുഞ്ഞിന്റെ ക്രമേണയുള്ള വളർച്ചയെ ബാധിക്കും. ആദ്യത്തെ മൂന്നുമാസത്തിൽ ആണ് ഹൃദയത്തിന്റെ വളർച്ചയിൽ വ്യത്യാസങ്ങൾ ഉണ്ടാകുന്നത്. ആറ് ആഴ്ച്ചകഴിയുമ്പോൾ ഒരു കുഞ്ഞിന്റെ ഹൃദയത്തിലെ നാല് അറകളും രൂപപ്പെട്ടിരിക്കും. ആദ്യത്തെ മൂന്നുമാസത്തിൽ ഉണ്ടാകുന്ന അണുബാധ, റേഡിയേഷൻസ് എന്നിവയിൽക്കൂടി ഹൃദ്രോഗം ഉണ്ടാകാം. കൂടാതെ പാരമ്പര്യമായി ഉള്ള ഹൃദ്രോഗ സാധ്യതയും ഒരു കാരണമാണ്. മാതാവിന് ഹൃദ്രോഗം ഉണ്ടെങ്കിൽ പിതാവിന് ഹൃദ്രോഗം ഉള്ളതിനേക്കാൾ കൂടുതലായി കുഞ്ഞുങ്ങൾക്ക് ഉണ്ടാവാൻ സാധ്യതയുണ്ട്.

**ഗർഭാവസ്ഥയിൽ കുഞ്ഞിന് ഹൃദ്രോഗം ഉണ്ടോയെന്ന് അറിയുവാൻ സാധിക്കുമോ? ഉണ്ടെങ്കിൽ അതിനുള്ള പ്രതിവിധികൾ?**

ആതുരസേവനത്തിന് വളരെയധികം പുരോഗതി ഉള്ള ഈ കാലയളവിൽ കേരളത്തിൽ ഞാൻ ഉൾപ്പെടെ നാലുപേർ Fetal Cardiology പ്രാക്ടീസ് ചെയ്യുന്നുണ്ട്. Fetal Cardiologist എന്ന നിലയിൽ കുഞ്ഞ് ജനിക്കുന്നതിനു മുമ്പു തന്നെ വയററിലുള്ള കുഞ്ഞിന്റെ സ്ഥിതി കണ്ടുപിടിക്കാൻ സാധിക്കും. അതിന് പ്രത്യേകിച്ച് Echo Cardiogaphic Machine ഉണ്ട്. Fetal Echo Cardiogaphy ചെയ്താൽ കുഞ്ഞിന്റെ ഹൃദയത്തിന്റെ അറയുടെ വലിപ്പം കൂടുതലാണോ, അതിന് വാൽവുണ്ടോ, രക്തക്കുഴൽ അടഞ്ഞിരിക്കുകയാണോ, രക്തക്കുഴൽ തമ്മിൽ തിരിഞ്ഞുപോയോ ഈ രീതിയിലുള്ള എല്ലാ പ്രശ്നങ്ങളും കണ്ടുപിടിക്കുവാൻ സാധിക്കും. കണ്ടുപിടിച്ചു കഴിഞ്ഞാൽ നമ്മൾ മാതാപിതാക്കളുമായി സംസാരിക്കും. ജനിച്ചു കഴിഞ്ഞാൽ അതിനെ രക്ഷിക്കുവാൻ സാധിക്കുമെന്ന്. ചിലപ്പോൾ എല്ലാ കേസും രക്ഷിക്കാൻ കഴിഞ്ഞെന്നു വരില്ല. ചില കുഞ്ഞുങ്ങൾക്കു് മൂന്നു ശസ്ത്രക്രിയ വരെ വേണ്ടി വരും. അങ്ങിനെയുള്ള കേസുകളിൽ മാതാപിതാക്കൾക്ക് യോഗ്യമായ തീരുമാനം കൈക്കൊള്ളാനുള്ള അവകാശമുണ്ട്. അവർക്ക് Terminate ചെയ്യണമെങ്കിൽ ചെയ്യാം. ക്രിസ്ത്യൻ പ്രമാണം അനുസരിച്ച് ഒരു കുഞ്ഞിനെ കൊല്ലാൻ ഡോക്ടർ എന്ന നിലയിൽ ഞാൻ Advice ചെയ്യാറില്ല. നിയമപ്രകാരം ഇരുപത് ആഴ്ച്ചയ്ക്കുള്ളിൽ ഗവൺമെന്റ് അനുവദിച്ചിരിക്കുന്ന Medical Termination ഉണ്ട്. നിയമപ്രകാരം Indication ഉണ്ടെങ്കിൽ Terminate ചെയ്യാൻ കഴിയും. Fetal Echo Cardiogaphyലൂടെ വയററിൽ ഉള്ള കുഞ്ഞിന്റെ രോഗം കണ്ടുപിടിക്കാൻ കഴിയുന്നുണ്ട്. അതോടൊപ്പം രക്തത്തിലെ ചില ടെസ്ററുകളും ഉണ്ട്. 11 മുതൽ 13 ആഴ്ച്ച വരെ Tripple Test എന്നു പറയുന്ന ടെസ്ററ് ഉണ്ട്. അത് ചെയ്തു കഴിഞ്ഞാൽ കുഞ്ഞുങ്ങൾക്ക് വൈകല്യങ്ങൾ ഉണ്ടോ എന്ന് കണ്ടുപിടിക്കുവാൻ കഴിയും. ഇപ്പോൾ ഉണ്ടാകുന്ന Down Symptoms, Mangolisam ഇതെല്ലാം തന്നെ നേരത്തേ മനസ്സിലാക്കാൻ കഴിയുന്ന ടെസ്ററ് ആണ് Tripple Test. ഒരു ഗർഭിണി ആയ സ്ത്രീ ഗൈനോക്കോളജിസ്ററിനെ സമീപിക്കുമ്പോൾ Down Symptoms ഉണ്ടോ എന്ന് അറിയണമെങ്കിൽ 10 മുതൽ 13 ആഴ്ച്ച വരെ ഈ ടെസ്ററ് ചെയ്താൽ അറിയാം.

**ഹൃദ്രോഗവുമായി സംബന്ധിച്ച് എന്തെങ്കിലും ശസ്ത്രക്രിയ ചെറിയ പ്രായത്തിൽ കുഞ്ഞുങ്ങളിൽ നടത്തിയാൽ ഭാവിയിൽ അവർക്ക് വൈകല്യങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ടോ?**

കുഞ്ഞുങ്ങളിലെ ഹൃദ്രോഗത്തെ രണ്ടായി തരം തിരിച്ചിട്ടുണ്ട്. നീല നിറമുള്ള രോഗവും, നീല നിറം അല്ലാത്ത അതായത് ചുവപ്പു നിറമുള്ളതും. ശുദ്ധീകരിച്ച രക്തത്തിൽ ഉള്ള തകരാറും അശുദ്ധീകരിച്ച രക്തത്തിൽ ഉള്ള തകരാറും. ഹൃദയത്തിന്റെ മേൽഅറയുടെ Hole ASB, താഴത്തെ അറയുടെ Hole BSB, അതുപോലെ രക്തക്കുഴലുകൾ തമ്മിലുള്ള Communication PDA എന്നിവയെല്ലാം ശസ്ത്രക്രിയ ചെയ്താൽ നൂറ് ശതമാനം അവർ സാധാരണ നിലയിലാകും. Normal ആയി അവരുടെ പഠനം, കുടുംബ ജീവിതം, വിവാഹ ജീവിതം എന്നിവ നയിക്കാം. പിന്നീട് ഒരു തുടർചികിത്സയും ആവശ്യമില്ല. എന്നാൽ. നീലനിറമുള്ള രോഗത്തിന് തുടർചികിത്സ ആവശ്യമുള്ളതും ഇല്ലാത്തതും ഉണ്ട്. Total correction ചെയ്ത് കഴിഞ്ഞ് കല്യാണം കഴിച്ചവരും അവർക്ക് കുഞ്ഞുങ്ങൾ ഉണ്ടായവരും ഉണ്ട്.

എന്നാൽ അതിലും ഗൗരവമേറിയ ചില നീല നിറമുള്ള രോഗങ്ങൾ ഉണ്ട്. ഹൃദയത്തിൽ ഒരു അറ ഉള്ളത്. (Single Ventricles) അവർക്ക് മൂന്ന് ശസ്ത്രക്രിയ വരെ വേണം. അവർക്ക് തുടർചികിത്സ ആവശ്യമാണ്. രക്തപരിശോധനയും Life Long ആയി മരുന്നുകൾ കഴിക്കുകയും വേണം. അവർക്ക് വിവാഹ ജീവിതം അൽപ്പം Restricted ആണ്. ഗൗരവേമേറിയ ചില രോഗങ്ങൾ 2-3% മാത്രമേ ഉള്ളൂ. ബാക്കി ഒട്ടുമിക്ക രോഗങ്ങളും ഒരു ശസ്ത്രകിയ കൊണ്ട് Normal ആകുന്നുണ്ട്.

**അനവധി സ്ഥാപനങ്ങൾ ധന സഹായവുമായി താങ്കളുടെ സ്ഥാപനത്തെ സമീപിക്കാറുണ്ടല്ലോ? അവരിൽ നിന്ന് വ്യത്യസ്ഥമായി ബഹറിൻ സെന്റ് തോമസ് യുവജന പ്രസ്ഥാനത്തെ എങ്ങനെ കാണുന്നു?**

പല ചാരിററി സംഘടനകളും ഉണ്ടെങ്കിലും പലരും കുറച്ചു തുക മാത്രം നൽകി ചുരുങ്ങിയ സമയത്തേക്കുള്ള സഹായമേ നൽകൂ. തുടർച്ചയായി സഹായം നൽകുന്ന ചാരിററി

തുടർച്ച... പേജ് 25

# എളിയവന്റെ നിലവിളിക്ക് ചെവി തുറക്കുവിൻ



ജയ്സൺ ആറ്റുവാ

സ്നേഹദൂത് - കോ ഓർഡിനേററർ

തന്റെ സ്വരൂപത്തിലും, സാദൃശ്യത്തിലും മെനഞ്ഞ് തന്റെ തേജസ് പകർന്ന് ഏദൻ പറുദീസയുടെ താക്കോലും അവനേകി. സകല സൃഷ്ടികളുടേയും രാജാവാക്കി അവനെ അഭിഷേകം ചെയ്ത് സകല വിധ അധികാരവും അവനു നൽകി സൃഷ്ടാവ്.. കാലമേറെയായില്ല, സൃഷ്ടി സൃഷ്ടാവിനെ മറന്നു. സൃഷ്ടി അവന്റെ തേജസ് നഷ്ടപ്പെടുത്തി. ലോകത്തിന്റെ മോഹങ്ങൾക്കു വേണ്ടി അവൻ ഏദന്റെ അനുഭവം ത്യജിച്ചു. എങ്കിലും അവനെ പൂർണ്ണമായി നശിപ്പിക്കുവാൻ സൃഷ്ടാവിനു മനസ്സില്ലായിരുന്നു. സൃഷ്ടിയുടെ വീണ്ടെടുപ്പിനു വേണ്ടി തന്റെ ഏകജാതനെ ദൈവം ലോകത്തിലേക്കയച്ചു. അന്നേവരെ മനുഷ്യൻ ചെയ്തു കൂട്ടിയ പാപങ്ങൾ ഒരു മരക്കുരിശോളം വലുതായിരുന്നു. മുൾക്കിരീടത്തിന്റെ ക്രൗര്യവും, കല്ലും, മുള്ളും നിറഞ്ഞ കാൽവറി മലയോളം വ്യാപ്തിയും. അവന്റെ പാപങ്ങൾ കഴുകിക്കളയാൻ ദൈവപുത്രന്റെ തിരുശരീരത്തിലെ അവസാന തുള്ളി രക്തം വരെയും വേണ്ടി വന്നു. എങ്കിലും തന്റെ ഓമനപുത്രനെ ലോകത്തിലേക്കയച്ച രക്ഷിതാവ് രക്ഷകന്റെ ചുടുചോരയാൽ രക്ഷയ്ക്കായി ദാഹിച്ച മനുഷ്യനെ പ്രത്യാശയുടെ പറുദീസയിലെത്തിച്ചു. പിന്നെയും മനുഷ്യൻ പാപത്തിന്റെ വഴിയിലൂടെ സഞ്ചരിക്കുന്നു. നിന്റെ പാപങ്ങൾ നീ കല്ലറയിൽ അടക്കുക, ആ കല്ലറ നീ മുദ്രണം ചെയ്യുക, അതിനുള്ളിൽ നിന്റെ രക്തക്കറ പുരണ്ട വസ്ത്രമുപേക്ഷിച്ച് നിത്യരക്ഷകനായ ക്രിസ്തുവിനോടു കൂടി തേജസ്സിന്റെ വസ്ത്രം ധരിച്ച് പുതിയ പറുദീസയിലേക്ക് പ്രവേശിക്കുക. ഏവർക്കും ഉയിർപ്പുപെരുന്നാളിന്റെ ആശംസകൾ നേരുന്നു.

പ്രസ്ഥാനം തുടക്കം കുറിച്ച ഒരു ചെറിയ സംരംഭം "സ്നേഹദൂത്". അത് ആത്മാർത്ഥതയോടെ നെഞ്ചിലേററിയ ഇടവകജനങ്ങൾ, പിന്തുണയേകിയ ഇടവക മാനേജിങ്ങ് കമ്മിററി അംഗങ്ങൾ, എല്ലാററിനുമുപരി മുന്നിൽ നിന്ന് ഞങ്ങളെ നയിച്ച പ്രസിഡന്റും ഇടവക വികാരിയുമായ ബഹു. ജേക്കബ്ബ് കോശി അച്ചൻ, എന്നോടൊപ്പം നിന്ന് സഹകോർഡിനേറ്റേഴ്സായി പ്രവർത്തിച്ച ശ്രീ. ബിനു പാപ്പച്ചൻ, ബിനു. എം. ഈപ്പൻ, ബിനു വേലിയിൽ, അജു. ടി. കോശി, മാത്യൂ വർഗീസ്, ഏവരോടുമുള്ള നന്ദി ദൈവനാമത്തിൽ അറിയിക്കുന്നു.

"നിങ്ങളുടെ സന്ദേശം അനാഥത്വത്തിനൊരു സ്വാദുഭോജനം" എന്ന ആപ്തവാക്യവുമായി വിശക്കുന്നവന്റെ നിലവിളി ഉൾവിളിയായി കണ്ട്, ആരാധനയ്ക്കും പഠനത്തിനും ഒപ്പം സേവനം എന്ന മഹാസന്ദേശവുമായി, സ്വാർത്ഥത നിറഞ്ഞ ലോകത്തിൽ, നിസ്വാർത്ഥമായ ക്രൈസ്തവ സ്നേഹത്തിന്റെ ആൾരൂപങ്ങളായി മാറാൻ, ധനവാന്റെ മേശയിൽ നിന്നു വീഴുന്ന അപ്പക്കഷണങ്ങൾ പോലെ നന്മ നിറഞ്ഞവരുടെ കൈകളിൽ നിന്നു പെറുക്കിയെടുത്ത നാണയത്തുട്ടുകൾ ശേഖരിച്ച്, ഒട്ടിയ വയറുമായി, ഒരു നേരത്തെ വിശപ്പ് അടക്കുവാൻ തെരുവോരങ്ങളിൽ സമസൃഷ്ടികൾക്കു മുമ്പിൽ കൈ നീട്ടേകി വരുന്ന ദരിദ്രജൻമങ്ങൾക്ക് ഒരു നേരത്തെയെങ്കിലും അന്നദാനം ചെയ്യുവാനായില്ലെങ്കിൽ നാം കൊട്ടിഘോഷിക്കുന്ന സുവിശേഷവും, നാം പുലമ്പുന്ന ക്രിസ്തീയ സ്നേഹവും വെറും വ്യർത്ഥമായ് പോകും എന്ന ചിന്തയാണ് ഇങ്ങിനെയൊരു ഉദ്യമത്തിന് ഞങ്ങളെ പ്രേരിപ്പിച്ചത് വി.വേദഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നതു പോലെ "ഈ ചെറിയവനിലൊരുവനു നിങ്ങൾ ചെയ്യാത്തിടത്തോളോം എനിക്കാകുന്നു ചെയ്യാതിരുന്നത്" എന്ന ശാപത്തിന്റെ കഠിനമായ ശബ്ദം കേൾക്കാതിരിക്കണമെങ്കിൽ എളിയവന്റെ നിലവിളിക്കു മുമ്പിൽ നാം വാതിൽ കൊട്ടി അടയ്ക്കാത്തവരായിരിക്കണം.


ഇന്നിന്റെ സ്ഥിതി വിവരക്കണക്കുകൾ നമ്മെ പഠിപ്പിക്കുന്നത് ലോക ജനസംഖ്യയുടെ സിംഹഭാഗവും ദാരിദ്രരേഖക്ക് താഴെയാണ് ജീവിക്കുന്നതെന്നാണ്. അങ്ങിനെയെങ്കിൽ ആർഭാടത്തിനും ധൂർത്തിനും വേണ്ടി പണം എങ്ങിനെ വിനിയോഗിക്കണമെന്ന് തിരിച്ചറിവില്ലാതെ പരക്കം പായുന്ന മനുഷ്യാ നീ കഴിച്ചിട്ടവശേഷിപ്പിക്കുന്ന എച്ചിൽ കഷണങ്ങൾക്കു വേണ്ടി മോഹിച്ച് എത്രെയോ പട്ടിണിക്കോലങ്ങൾ ഈ ഭൂഗോളത്തിന്റെ എത്രെയോ കോണുകളിൽ നിലവിളിക്കുന്നുണ്ടാകും. ആഗോളതലത്തിൽ ആയുധപന്തയങ്ങളും കമ്പോളമത്സരങ്ങളും തുടരുന്ന

തുടർച്ച... പേജ് 21

# Snap Shots
























# Snap Shots

## H.H. Moran Mar Baselios Mathews II Memorial Elocution Competition



Malayalam 1st | Malayalam 2nd | Malayalam 3rd | English 1st | English 2nd | English 3rd

# Snap Shots



Sargotsav 2013 - Inauguration



Sargotsav 2013 - Bible Reference Competition, February



Sargotsav 2013 - Quiz Competition, March

# Snap Shots



Bible Reading Card Inauguration



Rev. Fr. Dr. K Gee Varghese in OCYM meeting















Great Lent - Submission Prayer 2013



Youth Voice 2012 - 2nd Edition Puzzle First



Youth Voice 2012 - 2nd Edition Quiz First



Facebook Account Launching



Smruthi 2013 - Inauguration

# Snap Shots







Snehadooth - Charity Project 2012



Ecumenical Quiz Competition 1st



Youth Members with H.G. Gee Varghese Mar Coorilos

# Congratulations....! Wedding



Saanwin Kurian Areekattu &
Saru Mariam John



Shinu Kuruvilla &
Beena Susan Thomas

## New Born Babies



**Hannah Mary Shinu**
D/o Shinu Mathai & Sumi Shinu



**Johana Rachel Shijo**
D/o Shijo .P. Mathew & Rintu Yohannan

# വി. ദൈവമാതാവിനു സഭയിൽ ഉള്ള സ്ഥാനം



സിജു ജോർജ്

ആദിമ കാലം മുതൽ തന്നെ ക്രൈസ്തവ സമൂഹം ദൈവമാതാവായ മറിയാമിന് അതുല്യമായ സ്ഥാനം നല്കിയിട്ടുണ്ട്. നോമ്പു കാലങ്ങളും ഉയിർപ്പുനാളുമൊഴികയുള്ള എല്ലാ ആഴ്ചകളിലെയും ബുധനാഴ്ച ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥതയുടെ ദിനങ്ങളായി സമർപ്പിക്കപ്പെട്ടിരിക്കുന്നു. ഓർത്തഡോക്സ് സഭയുടെ പ്രാരംഭഘട്ടം മുതൽ നിർമ്മിച്ചിട്ടുള്ള ദേവാലയങ്ങളിൽ കൂടുതലും വി. ദൈവമാതാവായ മറിയാമിന്റെ നാമത്തിലാണ്. മറ്റ് ഏതെങ്കിലും വിശുദ്ധൻമാരുടെ നാമത്തിൽ ആണെങ്കിൽ പോലും വി. ദൈവമാതാവിന്റെ ഒരു ത്രോണോസ് ആ ദേവാലയത്തിൽ ഉണ്ടായിരിക്കും എന്നുള്ളത് സഭയുടെ പാരമ്പര്യം ആണ്.

വി. കന്യകമറിയാമിനെ സഭയുടെ പ്രതീകമായി ഓർത്തഡോക്സ് സഭ പഠിപ്പിക്കുന്നു. അതുകൊണ്ടു തന്നെയാണ് പരിശുദ്ധൻമാരെ ഓർത്തു പ്രാർത്ഥിക്കുമ്പോൾ ആദ്യം മാതാവിനെ അനുസ്മരിക്കുന്നത്. 1854 ൽ റോമാ സഭ മാതാവിനു ജൻമപാപം ഇല്ല എന്നുള്ള അമലോത്ഭവ് സിദ്ധാന്തം പ്രഖ്യാപിച്ചപ്പോൾ ഓർത്തഡോക്സ് സഭകൾ അതിനെ നിരാകരിക്കുകയും, മറ്റേതു ശിശുവും ജനിക്കുന്ന അവസ്ഥയിൽ തന്നെയാണ് മറിയാമും ജനിച്ചത് എന്ന് പഠിപ്പിക്കുകയും ചെയ്യുന്നു.

"ഇതാ ഞാൻ കർത്താവിന്റെ ദാസി, അവിടുത്തെ ഇഷ്ടം പോലെ എനിക്ക് ഭവിക്കട്ടെ" എന്നു പറഞ്ഞ് ദൈവ വചനം സ്വീകരിക്കുകയും ദൈവേഷ്ടത്തിന് സ്വയം സമർപ്പിക്കുകയും ചെയ്ത മറിയാം സഭയുടെ മാതൃകയും പൂർവ്വരൂപവുമാണ്. ആദ്യത്തെ ഹവ്വാ അനുസരണക്കേടു കാണിക്കുകയും ദൈവവചനത്തെ നിഷേധിക്കുകയും ചെയ്തതു മൂലം മനുഷ്യവർഗ്ഗത്തെ പാപത്തിനും മരണത്തിനും അടിമയാക്കിയെങ്കിൽ, രണ്ടാമത്തെ ഹവ്വാ (മറിയാം) ദൈവവചനത്തോടുള്ള അനുസരണം മൂലം മനുഷ്യവർഗ്ഗത്തെ രക്ഷയ്ക്കും, ജീവനും ക്രിസ്തുവിലൂടെ അവകാശിയാക്കി എന്നാണതിന്റെ അർത്ഥം.

യഹൂദാ ഗോത്രത്തിൽ ദാവീദിന്റെ ഗൃഹത്തിലും കുലത്തിലും ഉള്ള യൂയാക്കീമിന്റെയും അതേ ഗോത്രത്തിലും കുലത്തിലും ഉള്ള ഹില്കിയാവിന്റെ മകളായ ഹന്നയുടെയും പുത്രിയായിരുന്നു മറിയം. "മറിയാം" എന്ന എബ്രായ നാമത്തിന്റെ യവനരൂപമാണ് മറിയം. ലോകരക്ഷകനെ പ്രസവിക്കാൻ ദൈവം പരിശുദ്ധിയും നിഷ്കളങ്കയുമായ ഒരു കന്യകയെ മറിയയിലൂടെ കണ്ടു. ""കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും" (യെശയ്യാ 7:14) എന്ന യെശയ്യാ പ്രവചനം അങ്ങനെ നിവർത്തിയായതായി നമുക്ക് കാണാം.

"എന്റെ കർത്താവിന്റെ മാതാവ്" എന്ന് എലിസബത്ത് വിശേഷിപ്പിച്ചതു പോലെ "ദൈവത്തെ പ്രസവിച്ചവളെന്ന്" അർത്ഥത്തിൽ ദൈവമാതാവെന്ന് (തെയോടോക്കസ്) പറഞ്ഞു. അതുകൊണ്ടു തന്നെയാണ് മണ്ണിനും മണ്ണിരക്കും ഇരയാകാതെ ഉയരങ്ങളിലേക്ക് ഉടലോടെ വി. കന്യകമറിയാമിനെ ഉയർത്തിയതിന്റെ സ്മരണയായി ആഗസ്റ്റ് 15 വാങ്ങിപ്പു പെരുന്നാളായി ആചരിക്കുന്നത്.

വി. ദൈവമാതാവിൽ വിളങ്ങിയിരിക്കുന്ന താഴ്മ, വിനയം, അനുസരണം, സമർപ്പണം, പ്രാർത്ഥനാ സ്വഭാവം തുടങ്ങിയ സത്ഗുണങ്ങളും ആ ജീവിത മാതൃകയും പിന്തുടരാൻ നാം ദൃഢപ്രതിജ്ഞ എടുക്കേണ്ടതാകുന്നു. വി. ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായ ഈ ദേവാലയത്തിൽ നിന്ന് ഒഴുകുന്ന അനുഗ്രഹത്തിന്റെ തെളിനീരുറവുകൾ വിശ്വാസികൾ ആയ നാം ഓരോരുത്തരുടെയും നീറുന്ന മനസ്സിന് ആശ്വാസമായി, തപ്ത ഹൃദയർക്ക് മാധുര്യമായി നിറഞ്ഞൊഴുകട്ടെയെന്ന്, വി. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ നമുക്ക് ഒരു മനസ്സോടെ പ്രാർത്ഥിക്കാം.

## തുടർച്ച... എളിയവന്റെ നിലവിളിക്ക്.........

സാമ്പത്തിക കുത്തകൾ എന്നവകാശപ്പെടുന്ന ഭരണകൂട മേലാളന്മാർ ഒന്നു ചിന്തിക്കുക. ഒരിററു ദാഹജലത്തിനു വേണ്ടി ഒരു റൊട്ടിക്കഷണത്തിനു വേണ്ടി യാചിക്കേണ്ടി വരുന്ന മനുഷ്യജന്മങ്ങളുടെ അവസ്ഥ. ഇവിടെയാണ് ക്രിസ്തു കാട്ടിത്തന്ന സമത്വത്തിന്റെ, സ്നേഹത്തിന്റെ, പങ്കുവെയ്ക്കലിന്റെ പ്രാധാന്യം മനസ്സിലാക്കേണ്ടത്. അങ്ങിനെയല്ലെങ്കിൽ ലോകം കണ്ട ആദ്യ സോഷ്യലിസ്ററ് വിപ്ളവകാരി ക്രിസ്തുവാണ് എന്നുള്ളത് സംശയലേശമെന്യേ പറയുവാൻ സാധിക്കും.

എന്തു തന്നെയായിരുന്നാലും പങ്കുവെയ്ക്കലാണ് യഥാർത്ഥ ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം നിനക്കുള്ളതിൽ നിന്ന് നീ നിന്റെ സഹോദരനു വേണ്ടി കരുതുക എന്ന ക്രിസ്തീയ ചിന്താധാരയിൽ നിന്നു കൊണ്ട് കഴിഞ്ഞു പോയ ക്രിസ്തുമസ്സ് നാളുകളിൽ മുംബൈ ഭദ്രാസനത്തിന്റെ അധീനതയിൽ, ഇടവക മെത്രാപ്പോലീത്തായുടെ ചുമതലയിൽ പ്രവർത്തിക്കുന്ന മുംബൈയിലെ ചേരിയിലുള്ള അനാഥ ബാല്യങ്ങൾക്ക് നിങ്ങൾ നൽകിയ സ്നേഹം ഒരു "ക്രിസ്തുമസ്സ് സ്നേഹഭോജ്യമായ്,". ക്രിസ്തുനാഥന്റെ ജന്മദിന നാളിൽ ബഹറിൻ സെന്റ് തോമസ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിന്റെ വകയായി നൽകുവാനായതിൽ ഞങ്ങൾ കൃതാർത്ഥരാണ്......



# പരിശുദ്ധ പരുമല തിരുമേനിയുടെ
# മഹത്‌വചനങ്ങൾ

സമ്പാദകൻ: ഷിജു കെ. ഉമ്മൻ

1. പ്രാർത്ഥന എന്നത് ശൈശവത്തിലെ ഉത്സാഹവും യൗവ്വനത്തിലെ ആശ്രയവും വാർദ്ധക്യത്തിലെ സമാധാനവുമാകുന്നു.

2. ജനങ്ങളുടെയിടയിൽ സത്യം, സൻമാർഗ്ഗാചരണം, വിശ്വാസം, ഭക്തി, പരസ്പര ബഹുമാനം ഇവയെ വളർത്താൻ വിദ്യാഭ്യാസത്തിനെ സഹായിക്കുന്നതത്രെ പ്രാർത്ഥന.

3. ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹരൂപമായി അതു നമുക്കു തിരികെ ലഭിക്കുകയും ചെയ്യും.

4. ഈശ്വരപ്രാർത്ഥന ഈ ലോകത്തെ പലവിധത്തിലും ദൈവത്തിന്റെ പാദാരവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രേ.

5. രാപ്പകൽ ഭക്തിയോടുകൂടി ഉച്ചത്തിൽ ദൈവത്തെ പ്രാർത്ഥിപ്പിൻ. ഈ പ്രാർത്ഥന  നമ്മിലുള്ള ഇരുളു നീങ്ങാനും തളർച്ച തീരാനും, നമ്മുടെ പരമമായ രക്ഷയും മോക്ഷവും ലഭിക്കാനും ഏററവും ഉത്തമമായ മാർഗ്ഗമാകുന്നു. വിശ്വസിച്ചു പ്രാർത്ഥിച്ചു ദൈവത്തെ ഭജിപ്പീൻ.

6. സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രൻമാർ വളരേയും ആകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം.

7. നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കതിൽ നിന്നു പ്രതിപകരം കിട്ടും.

8. ജയിപ്പാൻ മാത്രമല്ല തോല്പാനും പഠിക്കണം അരമുള്ളവരോട് ഉരമിടണം.

9. ദൈവം സാധുക്കളുടെ ഭാഗത്തുണ്ട്. സകലത്തിലും ദൈവത്തെ ഓർത്തു പ്രവർത്തിക്ക. അപ്പോൾ സകലവും നമുക്കു ശുഭമായിത്തീരും.

10. പള്ളിക്കു കൊടുപ്പാനുള്ളതു വേഗത്തിൽ കൊടുത്തു തീർക്കണം. ആ കാര്യത്തിൽ നിങ്ങൾക്കു ശുദ്ധമനസ്സുണ്ടായിരിക്കുമെങ്കിൽ മാത്രമേ നിങ്ങളുടെ ഭവന കാര്യവും ശുദ്ധമായിത്തീരൂ.

11. സ്വല്പ ലാഭമോ മാനമോ ഇച്ഛരിച്ച് സ്നേഹത്തെ വെടിയരുത്. അതു ഭോഷത്വമാകുന്നു. അവസാനം അതിൽ വ്യസനിപ്പാൻ ഇടവരും.

12. മിടുക്കനാകേണ്ട - ഭോഷനാകയുമരുത്. ആത്മാവിനേക്കാൾ ശരീരത്തേയും ദൈവത്തേക്കാൾ ദ്രവ്യത്തേയും സ്നേഹിക്കരുത്.

13. ക്ഷമയാകുന്നു ബലവും.... ഇഹത്തിലും പരത്തിലും മാനവും സജ്ജനങ്ങളുടെ ലക്ഷണവും അതാകുന്നു.

14. വലിയവൻ ചെറിയവൻ; ചെറിയവൻ വലിയവൻ; ഏവരും തന്നത്താൻ അറിയണം.

15. ബലമറിഞ്ഞു നടക്കണം, ബുദ്ധിപഠിക്കണം, ബുദ്ധിമാൻ എന്നു നടിക്കരുത്.

16. മററുള്ളവരേക്കാൾ വലിയവൻ എന്നോർക്കരുത്. എത്ര ദരിദ്രൻ ആയാലും തങ്ങളേക്കാൾ അവൻ വലിയവൻ എന്നോർക്ക.

17. കടം വാങ്ങിപ്പാൻ മടിപ്പിൻ. വാങ്ങിച്ചു പോയാൽ അതു വീട്ടുന്നതു വരെ ഉറങ്ങാതെ ജാഗരണപ്പെട്ടു കൊൾവീൻ.

18. കർത്താവു കൊടുത്തുവെങ്കിലല്ലാതെ മററൊരുത്തനാൽ ഉള്ളത് നിറയപ്പെടുന്നതല്ല.

19. ആരേയും വ്യസനിപ്പിക്കയും ദുഃഖിപ്പിക്കയും അരുത്. എളിയവന്റെ നിലവിളി ദൈവം കേൾക്കും.

20. സകലത്തിലും സകലപ്രവൃത്തിയിലും നൻമ മാത്രം വിചാരിക്ക. മക്കളോടും അതു തന്നെ ഗുണദോഷിച്ചു പഠിപ്പിക്ക.

എല്ലാ ശനിയാഴ്ച്ചകളിലും വിശുദ്ധ കുർബാനയ്ക്കു ശേഷം കൂടി വരുന്ന യുവജന പ്രസ്ഥാനത്തിൻെറ യോഗങ്ങളിലേക്ക് എല്ലാ യുവതീ യുവാക്കളേയും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.



### ഈ ചെറിയവരിൽ ഒരുവന് ചെയ്തത് എനിക്കാണ് ചെയ്തത്

# നമ്മളിൽ ക്രിസ്തു ജനിക്കുന്നുണ്ടോ.......?

ആൻറണി ആൻറണി

ലോകചരിത്രത്തെ രണ്ടായി തിരിച്ച സംഭവം, ക്രിസ്തുമസ് അതേ ക്രിസ്തുവിന്റെ ജനനം, ലോകം ഒന്നാകെ ആഘോഷിക്കുന്ന ഉൽസവം. ക്രിസ്തുമസ് ഇക്കാലത്ത് ഉൽസവങ്ങളേക്കാളും നൻമയുടെ വെല്ലുവിളിയായി കാണണം. ഒരു മാസത്തെ വ്രതശുദ്ധിയിൽ കഴിയുന്ന കാലം. ഡിസംബർ 25 ബഹുഭൂരി പക്ഷം ക്രിസ്ത്യാനികൾ ആചരിക്കുന്ന ദിവസമാണെങ്കിലും, പഴയ പഞ്ചാഗം പാലിക്കുന്ന സഭകൾക്ക് ക്രിസ്തുമസ് ജനു വരിയിലാണ്. ജൂലിയാൻ കലണ്ടറും അത് പരിഷ്ക്കരിച്ചു നിർമ്മിച്ച ഗ്രീഗോറിയൻ കലണ്ടറും തമ്മിലുള്ള വ്യത്യാ സമാണ് ഈ തീയതി വ്യത്യാസത്തിനു കാരണം, ഈ വ്യത്യാ സം അത്ര പ്രധാനമല്ല, കാരണം ക്രിസ്തു ജനിച്ചത് ഡിസംബർ 25 ന് അല്ല.

റോമൻ സംസ്ക്കാരത്തിൽ ഡിസംബർ 25 സൂര്യോത്സവമായി ആഘോഷിച്ചിരുന്നു. പൊതുവർഷം AD 318 ൽ കോൺസ്സ്ററന്റെൻ ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ചപ്പോൾ ഔദ്യോഗിക മതമായെങ്കിലും ജനം തുടർന്നും സൂര്യോത്സവം ആഘോഷിച്ചു വന്നു. സംസ്ക്കാരികാനുരൂപ ണത്തെക്കുറിച്ചുള്ള ആധുനിക ക്രൈസ്തവ ചിന്തകൾ ഒന്നും വികസിച്ചിട്ടില്ലാതിരുന്ന ആ കാലത്ത് ഇത് സഭയ്ക്കു് ഒരു തല വേദന ആയിട്ട് ഉണ്ടാകണം. അങ്ങനെ AD354 ൽ ലിബേരിയ ുസ് മാർപാപ്പ, ക്രിസ്തു ലോകത്തിന്റെ വെളിച്ചവും നിത്യസൂ ര്യനും ആകയാൽ ഡിസംബർ 25 ക്രിസ്തു ജയന്തി ആയി ആഘോഷിക്കാൻ ഒരു തിട്ടൂരം (കല്പ്പന) പുറപ്പെടുവിച്ചു. അങ്ങനെ യൂറോപ്പിൽ ക്രിസ്തുമസ് തീയതി ക്ലിപ്തപ്പെട്ടു. പൗരസ്ത്യ ദേശങ്ങളിൽ ക്രിസ്തുമസ് വലിയ ആഘോഷം ഒന്നും തന്നെ ആയിരുന്നില്ല.

പേർഷ്യൻ സാമ്രാജ്യത്തിലെ വിജ്ഞാനികളായ ഗോള ശാസ്ത്രജ്ഞർ നക്ഷത്രത്തെ അനുധാവനം ചെയ്ത് ബേത്ല ഹേമിൽ എത്തിയതായിരുന്നു പൗരസ്ത്യർ പ്രധാനമായി കണ്ടത്. ഇവിടെ ഈശ്വര അസ്തിത്വത്തേക്കാൾ നമുക്ക് പ്രധാനം ഈശ്വര സാക്ഷാത്കാരമാണ് എന്ന ചിന്താസരണിയിലാണ് അവതാരം എന്ന് സംഭവിച്ചു എന്നതിനേക്കൾ വലുത് ആ അവതാരവും മനുഷ്യനും തമ്മിലുള്ള സമാഗമം എന്നു നടന്നു എന്നതാണ്. പാശ്ചാത്യ സംസ്കാരത്തിന്റെ അധിനിവേശത്തിനു മുൻപ്, ഈസ്റ്ററും എപ്പിഫനിയും ആയിരുന്നു പൗരസ്ത്യ ക്രിസ്ത്യാനികൾക്ക് പ്രധാനം. പിന്നെ ക്രിസ്തു ഡിസംബ റിൽ ആയിരിക്കില്ല ജനിച്ചിട്ടുണ്ടാവുക എന്നു കരുതുവാൻ ബൈബിളിൽ തന്നെ ഒരു ന്യായം ഉണ്ട്. ക്രിസ്തു ജനിച്ചപ്പോൾ മാലാഖമാർ സന്തോഷ വർത്തമാനം അജ പാലകരെ അറിയിച്ചുവെന്ന് ബൈബിളിൽ വ്യക്തമായി പറയുന്നു. അവിടെ ആട്ടിടയൻമാർ വെളിപ്രദേശത്ത് തീ കാഞ്ഞുകൊണ്ടിരിക്കുകയാണെന്നു്. ഡിസംബറും ജനുവരിയും അങ്ങനെ ഇരിക്കാൻ പറ്റിയ കാലാവസ്ഥയല്ല. അതി കഠിനമായ ശൈത്യമാണ്. ആയതിനാൽ ക്രിസ്തു ജനിച്ചത് നവംബർ പകുതിയോടെ, അല്ലെങ്കിൽ മാർച്ച് ആദ്യമേ (തണുപ്പിന്റെ ആരംഭത്തിലോ അവസാനത്തിലോ) ആയിരിക്കാം. ഇത്രയും പറഞ്ഞതു തീയതിയ്ക്ക് അമിത പ്രാധാന്യം നല്കാതിരിക്കാനാണ്. ക്രിസ്തുമസിന്റെ പ്രാധാന്യം തീയതിയിലല്ല, സംഭവത്തിലാണ്. യേശു ക്രിസ്തു മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ ആണെന്ന് നമ്മൾ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. ഏതു വ്യാഖ്യാനം ക്രിസ്തു സംഭവത്തിനു നല്കിയാലും ക്രിസ്തുവും മനുഷ്യനും തമ്മിൽ എങ്ങനെ ബന്ധപ്പെടുന്നുവെന്നതാണ് മുഖ്യം.

രണ്ടായിരത്തോളം ആണ്ടുകൾക്കപ്പുറത്തുണ്ടായ ആ മഹാ സംഭവത്തോട് അന്നത്തെ മനുഷ്യർ പ്രതികരിച്ചതിന്റെ മാതൃകകൾ പരതിയാൽ ഇന്നും പ്രതിപുരുഷൻമാരു ണ്ടന്നു കാണാം. ഹേരോദാവ് രാജാവിനെ ഓർക്കുക, തന്റെ അധികാരത്തെക്കുറിച്ച് തികഞ്ഞ അരക്ഷിത ബോധമായിരുന്നു. ആ രാജാവിന്റെ കൊട്ടാരത്തിൽ ചെന്ന വിദ്വൽജനം, യഹൂദൻമാരുടെ രാജാവായി പിറന്നവൻ എവി ടെ എന്നു ചോദിച്ചാൽ പരിഭ്രമിക്കാതിരിക്കുമോ? ഹേരേ ാദാവ് നവജാത ശിശുവിനെ വധിക്കാൻ നിശ്ചയിക്കുന്നു. വിദ്വാൻമാർ പറഞ്ഞ സമയം വെച്ചു കണക്കുകൂട്ടി ആൺപൈ തലുകളെ കൊന്നുകൂട്ടി, ഇവിടെ വധിക്കപ്പെട്ട കുഞ്ഞുങ്ങളുടെ സംഖ്യയല്ല സമീപനമാണ് പ്രധാനം, ജനിച്ച ഈ ശിശു എന്റെ സിംഹാസനത്തിന് ഭീക്ഷണിയാകുമെങ്കിൽ ഉടനെ ഉൻമൂലനം ചെയ്യുക. ഈ ശിശു ദൈവപുത്രനാകാം, പ്രവാചകനാകാം,

ആദർശവാദിയാകാം, എന്റെ മനസ്സിൽ തളിരിടുന്ന ഒരു ഉദാത്ത വികാരമാകാം, വിദൂരമായെങ്കിലും എന്റെ ഭൗതിക പ്രതാപങ്ങളെയോ, മാനസിക സ്വസ്ഥതയെയോ, എന്റെ മുൻഗണനകളെയോ വെല്ലുവിളിക്കാനിടയായിട്ടുണ്ടോ? എങ്കിൽ വധിക്കുക തന്നെ, അതേ ഹേരോദാവിനു സംശയനിവാരണം ചെയ്തുകൊടുത്ത വേദപണ്ഡിതരോ, പഴയനിയമത്തിലെ മീഖാ പ്രവചനത്തിന്റെ ചുരുൾ തുറന്ന് ബേത്‌ലഹേമിലാണ് യേശു ജനിക്കുകയെന്നു പറയാൻ ഒരു ക്ലേശവും ഉണ്ടായില്ല. എന്നാൽ ഇസ്രായേൽ കാത്തിരുന്ന ശിശുവിനെ കാണാൻ, പ്രവാചകൻ പറഞ്ഞത് ശരിയോയെന്ന് കണ്ടെത്താനുള്ള മോഹം കൂടി തോന്നിയില്ല. അവർ രാജകൊട്ടാരത്തിൽ സുഖലോലുപതകളിൽ മുഴുകി, ഭൗതിക സന്തോഷങ്ങൾ പ്രദാനം ചെയ്ത ആധ്യാത്മികവും ബൗദ്ധികവുമായ ആന്ധ്യം അവരിൽ നിസ്സംഗത സൃഷ്ടിച്ചു.

ആധുനിക ക്രിസ്തുമസ് ആഘോഷിച്ചു തുടങ്ങിയത് 4-ാം നൂറ്റാണ്ടിലാണ്. ആദ്യമായിട്ട് ക്രിസ്തുമസ് കാർഡ് വില്യം ഇഗ്ലിയാണ് അയച്ചത് 1842 ൽ, ഫ്രാൻസിൽ ആണ് ക്രിസ്തുമസ് ട്രീ തുടങ്ങിയത് 1837-ൽ, ക്രിസ്തുമസ് ഫാദറിന്റെ ഇന്നത്തെ രൂപം 1863-ൽ തൊമസ് താസ്ത എന്ന അമേരിക്കൻ കാർട്ടൂണിസ്റ്റ് വരച്ചതാണ്. എന്നിട്ടും ഈ വസ്തുക്കൾ ആണ് നമ്മൾക്ക് ഇന്ന് ക്രിസ്തുമസിന്റെ പ്രതീകങ്ങൾ; കാർട്ടൂൺ കഥാപാത്രങ്ങളോടൊപ്പം ചിരിക്കാനാണോ നാം ക്രിസ്തുമസ് ആഘോഷിക്കുന്നത്. അതോ കീറ്റുശീലയിൽ പൊതിഞ്ഞ നൻമയുടെ അവതാരം എവിടെയെങ്കിലും കാണുന്നുണ്ടോ എന്ന് അന്വേഷിക്കുന്നുവോ? ഇവിടെയാണ് വാൻഡെക്കറിന്റെ കഥ പ്രസക്തമാകുന്നത്, ബൈബിളിൽ നാം മൂന്ന് വിദ്വാൻമാരെക്കുറിച്ചാണ് പ്രതിപാദിക്കുന്നതും, കേട്ടിട്ടുള്ളതും അങ്ങനെയാണല്ലോ ? എന്നാൽ അവർക്കൊപ്പം ഉണ്ടാകേണ്ടിയിരുന്ന നാലാമത്തെ വിദ്വാൻ ആണ് ഈ സ്കാൻഡിനേവിയൻ കഥയിലെ നായകൻ. ഉള്ളത് എല്ലാം വിറ്റു പെറുക്കി മൂന്ന് വിശിഷ്ട രത്നങ്ങൾ വാങ്ങി ശിശുവിനെ വന്ദിക്കാൻ പുറ പ്പെട്ടവൻ, വഴിയിൽ കണ്ട ഒരു രോഗിയെ രക്ഷിക്കാൻ യാത്ര നിർത്തിയതിനാൽ മറ്റു മൂന്നുപേർ യാത്ര തുടങ്ങി. ഒറ്റക്കു് യാത്ര ചെയ്യാൻ സാർത്ഥവാഹക സംഘത്തിന്റെ തലവന് ഒരു രത്നം കൊടുത്ത് ബേത്‌ലഹേമിൽ എത്തിയപ്പോഴേക്ക് ഹേരോദാവ് ശിശുവധം തുടങ്ങിയിരുന്നു. ഒരു ശിശുവിനെ രക്ഷിക്കാൻ മറ്റൊരു രത്നം സൈന്യത്തിന്റെ നേതാവിനു കൊടുക്കേണ്ടി വന്നു. ഈ വിദ്വാൻ രാജകുമാരനെ തേടിയുള്ള അലച്ചിൽ തുടർന്നു, ഏകദേശം മുപ്പതു കൊല്ലം കഴിഞ്ഞു. അപ്പോൾ ഗോഗുൽത്തായിൽ ഒരു നൻമ നിറഞ്ഞവൻ കുരിശേറ്റപ്പെടുന്നു എന്നു കേട്ട് അവനെ രക്ഷിക്കാനാവുമോ എന്ന് പരീക്ഷിക്കാൻ അങ്ങോട്ടു തിരിച്ചു. അവിടെ എത്തും മുൻപേ കടബാധ്യതയാൽ അടിമയാക്കിയ ഒരു പെൺകുട്ടിയെ രക്ഷിക്കാൻ മൂന്നാമത്തെ രത്നവും ചിലവായി. അയാൾ നിരാശനായി.

പെട്ടെന്നു സൂര്യൻ അസ്തമിച്ചു. പാറകൾ പിളർന്നു, ഒരു പാറക്കല്ല് ഈ ജ്ഞാനിയുടെ നെറ്റിയിൽ പതിച്ചു. അയാൾ താഴെവീണു, അയാൾ വഴി രക്ഷ കിട്ടിയ യുവതിയുടെ മടിയിൽ തലചായ്ച് അന്ത്യശ്വാസം വലിച്ചു നാലാമത്തെ വിദ്വാൻ; അപ്പോൾ ആ യുവതി ഒരു നേർത്ത ശബ്ദം കേട്ടു, ഒരശിരീരി.....

"ഈ ചെറിയവരിൽ ഒരുവനു ചെയ്തത് നീ എനിക്കാണ് ചെയ്തത്."

അങ്ങനെ നാലാമത്തെ വിദ്വാനും ക്രിസ്തുമസിൽ പങ്കാളിയായി, ഇതാണ് കഥ. അതോ ഈ ആധുനിക യുഗമായയിൽ മയങ്ങി, മറ്റുള്ളവരുടെ ദീനതയിൽ സന്തോഷിച്ചു മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടു ബന്ധങ്ങൾ മറന്നു ജീവിക്കുന്ന നാം ക്രിസ്തു ജയന്തിയിൽ , ക്രിസ്തുമസിൽ പങ്കാളിയാകുന്നുവോ? നമ്മുടെ ഉള്ളിൽ ക്രിസ്തു ജനിക്കുന്നുവോ? അതോ വെറുതേ ക്രിസ് തുമസ് ആഘോഷിക്കുകയാണോ? നമ്മുടെ ആഘോഷങ്ങൾ വിഗ്രഹവത്കരിക്കുകയാണോ? നമ്മിലുള്ള ഈശ്വരാംശം ഉദ്ദീപിപ്പിച്ച് നമ്മുടെ ചുറ്റുവട്ടത്ത് ഒരു നുറു ങ്ങുവെട്ടം എങ്കിലും കൊടുക്കുവാൻ കഴിയുന്നുവോ?


പ്രിയരേ, ക്രിസ്തുമസും, ഈസ്റ്ററും നമ്മളിൽ ക്രിസ്തുസ്നേഹം പിറക്കുവാനും ആ സ്നേഹം മറ്റുള്ളവരിൽ ചൊരിയുവാനും കഴിയണം. നമ്മുടെ ആഘോഷങ്ങൾ അതിനു കാരണമാകട്ടെ. പുൽകൂട്ടിൽ പിറന്ന ദൈവപൈതലും, പുനരുത്ഥാനം ചെയ്ത ക്രിസ്തു നാഥനും നമ്മുടെ ഹൃദയങ്ങളിൽ ജനിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എല്ലാവർക്കും ഉയർപ്പിന്റെ എല്ലാവിധ മംഗളങ്ങളും നേരുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

നന്ദി.........

ബൈബിൾ റീഡിങ്ങ് കാർഡിൻെറ പ്രസിദ്ധീകരണത്തിന് ഉപകാര സ്മരണ തന്ന് സഹായിച്ചവർ

John Raju, Anil Babu, Jinu Mathew, Shibu. C. George, Binu M. Eapen, Christy P. Varghese, Robby Punnen, Anil Varghese, John Varghese, Jinu Varghese, Bibin Varghese



Sajini Christy

## തുടർച്ച... ഡോ. സജി ഫിലിപ്പുമായി അഭിമുഖം

സംഘടനകൾ വളരെയധികം കുറവാണ്. അങ്ങിനെ നോക്കുമ്പോൾ കഴിഞ്ഞ 5 വർഷമായി മുടക്കം കൂടാതെ ഇത്രയും കുഞ്ഞുങ്ങളെ സഹായിക്കുവാൻ നിങ്ങളിലൂടെ സാധിച്ചത് വളരെയധികം അനുഗ്രഹം തന്നെയാണ്. അതിന്റെ മഹത്വം മനസ്സിലാക്കി പ്രവർത്തിക്കുന്ന ഒരു യുവജന പ്രസ്ഥാനമാണ് നിങ്ങളുടേത് എന്നു കാണുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷവും അഭിമാനവും ഉണ്ട്. കൊയ്നോ ണിയയുടെ പ്രവർത്തനം അൽപ്പം കൂടി വ്യത്യസ്തമായി എനിക്ക് ബോധ്യപ്പെടുന്നുണ്ട്. ഒരു കുഞ്ഞിന്റെ അപേക്ഷ ലഭിക്കുന്നതു മുതൽ പ്രസിഡന്റ് ഉൾപ്പെടുന്ന നിങ്ങളുടെ കമ്മിററി അത് സൂക്ഷ്മമായി പരിശോധിച്ച് വിലയിരുത്തിയിട്ടാണ് പണം അയച്ചു തരുന്നത്. തുടർച്ചയായി നിങ്ങൾ നൽകുന്ന സഹായം ഞങ്ങൾക്ക് വളരെ നല്ലകാര്യം തന്നെയാണ്.

**കൊയ്നോണിയ എന്ന ചാരിററി പ്രവർത്തനത്തിലൂടെ കഴിഞ്ഞ 5 വർഷമായി ഇത്രയധികം കുഞ്ഞുങ്ങളെ സഹായിക്കുവാൻ യുവജന പ്രസ്ഥാനത്തിന് കൈത്താങ്ങായി നിന്ന സെന്റ് മേരീസ് കത്തീഡ്രലിലെ അംഗങ്ങളോടും മററ് അഭ്യുദയകാംഷികളോടും താങ്കൾക്ക് പറയാനുള്ളത്**

എനിക്ക് വളരെയധികം സന്തോഷം നൽകുന്നത് ദീർഘനാളുകളായി നിങ്ങൾ ഒത്തൊരുമിച്ച് ഒരു ഹൃദയത്തോടെ 120-ൽ അധികം കുഞ്ഞുങ്ങൾക്ക് ഹൃദയ ശസ്ത്രക്രിയയ്ക്ക് ധനം നൽകി സഹായിച്ചു എന്നുള്ളതാണ്. നിങ്ങൾ മതത്തിന്റെ വ്യത്യാസമോ, സഭാ വ്യത്യാസമോ നോക്കാതെ ഇത്രയും നാൾ സഹായിച്ചു എന്നുള്ളതുതന്നെ വലിയൊരു വിഷയം തന്നെയാണ്.. ഇതു വരെ സഹായം നൽകിയ വരിൽ ഭൂരിഭാഗവും ഹിന്ദു-മുസ്‌ലീം സമുദായത്തിൽ നിന്നുള്ളവർക്കാണ്. ദൈവം സൃഷ്ടിച്ച സമസ്വഭാവമുള്ള മനുഷ്യരെ ഒരുപോലെ തന്നെ നിങ്ങൾ സഹായിക്കുന്നു. ഇടവകയിലെ ഏവരും ഒരു മനസ്സോടെയാണ് ഈ ചാരിററി പ്രവർത്തനത്തെ സഹായിക്കുന്നത് എന്നറിയുമ്പോൾ വളരെയധികം ബഹുമാനത്തോടെ ഏവരോടുമുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു.

## വിശുദ്ധനാട് തീർത്ഥാടനം

യുവജന പ്രസ്ഥാനത്തിൻെറ നേതൃത്വത്തിൽ ഈ വർഷാവസാനം വിശുദ്ധനാട് തീർത്ഥാടനം നടത്തുവാൻ ആഗ്രഹിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് പ്രസ്ഥാനത്തിൻെറ ഭാരാഹികളുമായി ബന്ധപ്പെടുക.

| | |
|---|---|
| ഷിബു. സി. ജോർജ് | ബിനു പാപ്പച്ചൻ |
| സെക്രട്ടറി | കോ ഓർഡിനേററർ |
| 39689639 | 39198193 |



അനു. റ്റി. കോശി
(ജന. കൺവീനർ)

# സ്മൃതി കലാ കായികമേള


## Schedule of Events - Smruthi 2013

| SL. NO | DAY/DATE | TIME | EVENTS | GROUP |
|---|---|---|---|---|
| 1 | 04/04/2013 THURSDAY | 8.00 PM<br>8.00 PM<br>8.00 PM<br>8.00 PM | PENCIL DRAWING<br>PAINTING<br>BIBLE READING<br>BIBLE READING | BEON<br>BASHAN<br>BASHAN<br>BEROEA |
| 2 | 05/04/2013 FRIDAY | 4.00 PM<br>4.00 PM<br>4.00 PM | PAINTING<br>PAINTING<br>PENCIL DRAWING | BEROEA<br>BEON<br>BASHAN |
| 3 | 12/04/2013 FRIDAY | 3.00 PM<br>4.00 PM<br>3.00 PM<br>3.00 PM<br>3.00 PM | SINGLE SONG<br>SINGLE SONG<br>PENCIL DRAWING<br>PAINTING<br>PAINTING | BITHYNIA<br>BABYLON<br>BEROEA<br>BITHYNIA<br>BABYLON |
| 4 | 16/04/2013 TUESDAY | 8.00 PM<br>9.00 PM | QUIZ<br>QUIZ | BASHAN<br>BEROEA |
| 5 | 18/04/2013 THURSDAY | 8.00 PM<br>8.00 PM<br>8.00 PM<br>8.00 PM | ELOCUTION<br>ELOCUTION<br>PENCIL DRAWING<br>PENCIL DRAWING | BASHAN<br>BEROEA<br>BITHYNIA<br>BABYLON |
| 6 | 09/05/2013 THURSDAY | 8.00 PM<br>8.30 PM<br>8.00 PM<br>8.30 PM<br>8.30 PM | BIBLE REFERENCE<br>BIBLE REFERENCE<br>SINGLE SONG<br>SINGLE SONG<br>SINGLE SONG | BITHYNIA<br>BABYLON<br>BEON<br>BASHAN<br>BEROEA |
| 7 | 10/05/2013 FRIDAY | 3.00 PM<br>3.00 PM<br>3.00 PM<br>4.00 PM<br>4.00 PM | GROUP SONG<br>GROUP SONG<br>GROUP SONG<br>GROUP SONG<br>GROUP SONG | BEON<br>BASHAN<br>BEROEA<br>BITHYNIA<br>BABYLON |
| 8 | 16/05/2013 THURSDAY | 8.00 PM<br>8.00 PM<br>8.30 PM<br>8.30 PM<br>8.00 PM<br>8.00 PM | STORY TELLING<br>BIBLE READING (ENG.)<br>BIBLE READING<br>BIBLE READING<br>ESSAY WRITING<br>ESSAY WRITING | BEON<br>BITHYNIA<br>BABYLON<br>BITHYNIA<br>BITHYNIA<br>BABYLON |
| 9 | 17/05/2013 FRIDAY | 3.00 PM<br>4.00 PM<br>3.30 PM<br>3.30 PM<br>4.00 PM | ELOCUTION (E.& M.)<br>ELOCUTION<br>FANCY DRESS<br>FANCY DRESS<br>MONO ACT | BITHYNIA<br>BABYLON<br>BASHAN<br>BEON<br>BASHAN |
| 10 | 23/05/2013 THURSDAY | 8.00 PM<br>9.00 PM | QUIZ<br>QUIZ | BITHYNIA<br>BABYLON |
| 11 | 24/05/2013 FRIDAY | 3.00 PM<br>4.00 PM<br>5.00 PM | GANAMELA<br>GANAMELA<br>GANAMELA | BEROEA<br>BABYLON<br>BITHYNIA |

സ്മൃതി - മറവിയിലായിരിക്കുന്ന കാര്യങ്ങൾ ഓർക്കുവാനുള്ള അവസരം.

ദൈവം എല്ലാ മനുഷ്യർക്കും ഓരോരോ കഴിവുകൾ നൽകി കനിഞ്ഞനുഗ്രഹിച്ചിട്ടുണ്ട്. നമുക്ക് ലഭിച്ചിട്ടുള്ള താലന്തുകൾ തിരിച്ചറിഞ്ഞ് അവയെ പ്രകാശിപ്പിക്കുകയാണ് ജീവിതത്തിൽ നാം ചെയ്യേണ്ടത്. വിദ്യാഭ്യാസ കാലഘട്ടത്തിലും മറ്റും നാം പ്രകടിപ്പിച്ചിരുന്ന കഴിവുകൾ വീണ്ടും ഒന്നു മിനുക്കിയെടുക്കുവാനും, വളർന്നു വരുന്ന കുട്ടികൾക്ക് അവരുടെ കഴിവുകളെ തിരിച്ചറിയുവാനുമുള്ള അവസരമാണ് സ്മൃതി കലാമേള. ഇൻഡോർ ഗെയിംസും കൂടി ഉൾപ്പെടുത്തി ഈ വർഷം കലാകായികമേള നടത്തുന്നു. എല്ലാ ഇടവക ജനങ്ങളുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു.

2003 മുതൽ പരിശുദ്ധനായ വട്ടശ്ശേരിൽ തിരുമേനിയുടെ പാവന സ്മരണാർത്ഥം യുവജന പ്രസ്ഥാനം നടത്തി വരുന്ന ഈ കലാമത്സരങ്ങൾ ഇടവകയിലെ ജനങ്ങൾക്ക് തങ്ങളുടെ കലാവാസനകൾ പരിപോഷിപ്പിക്കുവാൻ ഒരു വാതിൽ തുറന്നു കൊടുക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ സഹകരിച്ച ഏവരോടുമുള്ള നന്ദിയും സ്നേഹവും ഇത്തരുണത്തിൽ അറിയിക്കുന്നു. പങ്കെടുത്ത് വിജയിപ്പിക്കുവാൻ ഏവരേയും സസന്തോഷം ക്ഷണിക്കുന്നു. മത്സരങ്ങളിൽ പങ്കെടുക്കുന്നതോടൊപ്പം, പങ്കെടുക്കുന്നവരെ പ്രോത്സാഹിപ്പിക്കുവാനുമായി നിങ്ങളേവരുടേയും സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു.




## *Favours Received*







**Shinu Mathai, Sumi Shinu &
Hannah Mary Shinu**

# ബൈബിൾ ക്വിസ്

1. താൻ പ്രവാചകി എന്നു പറഞ്ഞ് ദുർന്നടപ്പ് ആചരിപ്പാനും വിഗ്രഹാർപ്പിതം തിൻമാനും ഉപദേശിച്ച സ്ത്രീയുടെ പേര്?
2. കാതോലിക്കേററിൻെറ സ്ഥാന ചിഹ്നങ്ങൾ ഉണ്ടാക്കിയ കാതോലിക്ക ബാവാ?
3. ബൈബിളിൽ പ്രതിപാദിക്കുന്ന ഏററവും വലിയ പേര്?
4. തർവ്വോദോ എന്നാലെന്ത്?
5. പത്രോസിന് തൻെറ തെററ് മനസ്സിലാക്കിക്കൊടുത്ത പക്ഷി ?
6. ജോർജിയയുടേയും ഇംഗ്ലണ്ടിൻെറയും ദേശീയ മദ്ധ്യസ്ഥനായ വിശുദ്ധൻ. നമ്മുടെ സഭയിലും ഇദ്ദേഹത്തിൻെറ നാമത്തിലുള്ള പള്ളികൾ ഉണ്ട്?
7. തൂബൽ ഖയീമിൻെറ പെങ്ങൾ? രെഹബയാമിൻെറ അമ്മയ്ക്കും ഇതേ പേരായിരുന്നു?
8. 1818-ൽ കൽക്കട്ടയിൽ സ്ഥാപിക്കപ്പെട്ട ഇന്ത്യയിലെ ഏക കത്തോലിക്കേതര വേദശാസ്ത്ര സർവ്വകലാശാല
9. പ്രസവം എടുക്കുന്നവൾക്ക് പഴയ നിയമത്തിൽ പറഞ്ഞിരിക്കുന്ന പേര്?
10. മികച്ച ഡബ്ബിങ്ങ് ആർട്ടിസ്ററിനുള്ള ഇപ്രാവശ്യത്തെ കേരള സംസ്ഥാന സിനിമാ അവാർഡു നേടിയ ഓർത്തഡോക്സ് സഭാംഗം?
11. ഹഖല്യാവിൻെറ മകനായ ഈ പ്രവാചകനാണ് യെരുശലേമിൻെറ തകർന്ന മതിൽ പണിയുവാൻ നേതൃത്വം നൽകിയത്?
12. ആദിമ ഭൂമിയിൽ ഇല്ലാതിരുന്ന രണ്ടു തരം സസ്യങ്ങൾ പിന്നീടുണ്ടായി. അവ ഏതെല്ലാം?
13. അടുത്തിടെ എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ തലവനായി തിരഞ്ഞെടുക്കപ്പെട്ട ബിഷപ്പ്? ഇദ്ദേഹത്തിൻെറ സ്ഥാനാരോഹണ ചടങ്ങിൽ പരി. കാതോലിക്കാബാവയും സംബന്ധിച്ചിരുന്നു.
14. ശ്ഹീമ നമസ്ക്കാരത്തിൽ ശ്ഹീമ എന്ന പദത്തിൻെറ അർത്ഥം?
15. ഒമ്പതാം സങ്കീർത്തനം ഏതു രാഗത്തിലാണ് ദാവീദ് എഴുതിയത്?
16. കൗക്ക്ബോ എന്നാലെന്ത്? ഉപയോഗമെന്ത്?
17. ആദ്യമായി ഏഴു മെത്രാൻമാരെ ഒരുമിച്ചു വാഴിച്ച കാതോലിക്കാബാവ?
18. യിസ്രായേൽ മക്കളുടെ മരുഭൂയാത്രയിൽ 12 നീരുറവയും 70 ഈന്തപ്പനകളും ഉണ്ടായിരുന്നതായി പറയുന്ന സ്ഥലം?
19. വിശുദ്ധ വേദപുസ്തകത്തിൽ ഭയപ്പെടേണ്ട എന്ന വാക്ക് എത്ര പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്?
20. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ 1947 നവംബർ 2-ന് പരിശുദ്ധ പരുമല തിരുമേനിയോടൊപ്പം പരിശുദ്ധനായി പ്രഖ്യാപിച്ച ബാവാ?

**കഴിഞ്ഞ ലക്കത്തിലെ ക്വിസ് ഉത്തരങ്ങൾ**

1. മീഖാ
2. അഹരോൻെറ തളിർത്ത വടിക്ക്
3. സിമ്രി
4. സോർ
5. കഴുത
6. ആഹാബ്
7. ശലോമ
8. യൂദ 14
9. അനന്യാസും സഫീറയും
10. ജീവനും സമാധാനവും
11. സ്തേഫാനോസ്സിൻെറ കുടുംബം
12. ദാനം
13. വർക്കി വർഗീസ്
14. പി. ഇ. ദാനിയേൽ ക്ലേറി, 1937
15. National Association of Mission Studies
16. 1953
17. ഉപവിയുടെ സഹോദരിമാർ ('Sisters of Charity)
18. ചെഗുവേര
19. മോമോഫുകു അൻഡോ (Momofuku Ando)
20. ഇറോം ഷർമ്മിള

കഴിഞ്ഞ ലക്കത്തിലെ ക്വിസ് വിജയി
ശ്രീമതി. ലൗലി വർഗീസ്

## നിബന്ധനകൾ

1. ഏററവും കൂടുതൽ ശരി ഉത്തരം അയയ്ക്കുന്നവരിൽ നിന്നും സമ്മാനാർഹരെ കണ്ടെത്തുന്നതായിരിക്കും.
2. ഒന്നിൽ കൂടുതൽ പേർ ശരി ഉത്തരം അയച്ചാൽ നറുക്കെടുപ്പിലൂടെ വിജയിയെ തീരുമാനിക്കുന്നതായിരിക്കും.
3. യുവജന പ്രസ്ഥാനത്തിൻെറ ഭാരവാഹികൾക്കും, കുടുംബാംഗങ്ങൾക്കും ഈ മത്സരത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.
4. എഡിറേറാറിയൽ ബോർഡിൻെറ തീരുമാനം അന്തിമമായിരിക്കും.
5. ഉത്തരത്തിനോടൊപ്പം അയയ്ക്കുന്ന ആളിൻെറ പേരും മേൽവിലാസവും ടെലഫോൺ നമ്പറും ഉൾപ്പെടുത്തേണ്ടതാണ്.
6. നിങ്ങളുടെ ഉത്തരങ്ങൾ ഏപ്രിൽ 30- നു മുമ്പായി 'ചീഫ് എഡിററർ' യൂത്ത് വോയ്സ്, പി.ബി.നമ്പർ 834, മനാമ എന്ന വിലാസത്തിൽ അയയ്ക്കുകയോ, പള്ളി ഓഫീസിൽ എത്തിക്കുകയോ ചെയ്യുവാൻ താൽപ്പര്യപ്പെടുന്നു



## EASTER SPECIAL SALAD

### Ingredients

Pomegranate – 1 ◆ Apple – 1 ◆ Baby Carrots – 7 ◆ Sweet Mini Peppers – 4 ◆ Almonds – 14 ◆ Lettuce chopped - 1 cup ◆ Red Cabbage Chopped - 1 cup ◆ Carrots chopped - 1 cup ◆ Lemon Juice – 1 tsp ◆ Salt – as needed

### Dressing

Apple Cider Vinegar – 2 tbsp ◆ Olive Oil – 1 tbsp ◆ Lemon Juice – 2 tsp ◆ Sugar - 1 tbsp ◆ Red Chilly Powder – 1/4 tsp ◆ Salt – to taste

### How to Prepare

1.Heat a pan and lightly toast the almonds. This will take a few minutes. Chop it into small pieces and keep aside.
2. Separate the pomegranate seeds into a large bowl.
3. Peel and dice the apples into cubes. Toss it in 1 tsp lemon juice so that it doesn't brown. Throw it into the bowl.
4. De-seed the mini peppers and slice it into thin strips. Chop the baby carrots into thin strips.
5. Toss all the above with chopped lettuce. Sprinkle a little salt.
6. Garnish the salad with the chopped almonds.
7.In a separate bowl, whisk all the ingredients for the dressing. Drizzle it over the salad before serving.

*Dini Ano*

---

*Favours Received*



P. A. Kurian, Saramma, Rosewin, Saanwin & Saru



John Raju, Lincy John, Jelvin John & Jefly John

*Favours Received*



Shinu Kurivilla & Beena Shinu



Shijo P Mathew, Rintu Shijo & Johana Shijo



Binoj Mathew, Annett Binoj, Aeron M Binoj & Baeron A Binoj



George K Varghese, Julie Varghese, Joashuan, Joanna & Jeron

*Best Compliments*

ءاــبرــهــكلل فــيورــي!

# AIR WAVE ELECTRICALS

**C.R No: 13027-3, Tel: 973 17273169, Fax: 973 17261865**
**P.O Box: 11418, Manama, Kingdom of Bahrain**
**E-mail: airwaveelectricals@hotmail.com**

**Omega 1600**
**Wiring Accessories**

**Telemecanique**
**France**

***CLIPSAL***

**Merlin Gerin**
**INDUSTRIAL SOCKETS & PLUGS**

---

*Favours Received*



Robin, Tintu & Tom



John T.V, Reny John, Namitha

# Naraina
## HOLDING COMPANY W.L.L.

# نـــارايـــنـــا
## الــشركــــة الــقــابـضـــة ذ.م.م.

P.O.BOX 2509, Manama, Kingdom of Bahrain Tel: +973 17737077, Fax:+973 17735077 Email: naraina@batelco.com.bh

## شــــركـــــة تجـــارة الصـــقـــر ذ.م.م
## FALCON TRADING Co. W.L.L.

General Hand Tools ● Power Tools - Electrical/Pneumatic ● Cutting and Welding Equipment & Accessories ● Safety & Fire Fighting Products ● Lifting Equipment & Marine Tackles ● Industrial Maintenance Products ● Building Materials ● Waste Management Systems

An ISO 9001 : 2008 Certified Company

MOODY INTERNATIONAL | UKAS QUALITY MANAGEMENT 014

P.O. BOX 2509, Manama, Kingdom of Bahrain Tel:+ 973 17737077, Fax:+ 973 17735077 Email: faltra@batelco.com.bh
Web: www.falcontradingco.com

---

## شـركة باتيـا للخـدمـات التقنيـة ذ. م. م
## Bhatia Technical Services Co. W.L.L.

MOODY INTERNATIONAL | UKAS

• Mechanical Engineering Services • Structural Steel & Pipe Fabrication and Erection Works • Machining Services •

An ISO 9001 : 2008 Certified Company

P.O. BOX 2509, Manama, Kingdom of Bahrain. Tel:+973 39631241 /242 /243 Fax: +973 17910060 / 17735077
Email: btsc@batelco.com.bh

---

## SLINGTEK W.L.L.

LEEA | Lifting Equipment Engineers Association

AN ISO 9001:2008 Certified Company

MOODY INTERNATIONAL | UKAS

***Manufacturer & Supplier of:***
- Polyester Webbing Slings
- Chain & Wire Rope Slings
- Cargo Lashing Belts
- Fall Protection Systems
- All Related Lifting Accessories

***Test, Examine & Certify:***
- Lifting Equipment

اختبار، فحص واعتماد على:
- تجهيزات للرفع

مـصـــنـــع ومـــورد:
- حبال الرفع المصنوعة من البوليستر
- سلاسل وأسلاكا لحبال
- أحزمــة ربـط الــحمولات
- نظام الحماية من السقوط
- جميع اللوازم المتعلقة بالرفع

P.O. BOX 2509, Manama, Kingdom of Bahrain. Tel +973 39646323, Fax+973 17910060 Email: slingtek@batelco.com.bh
Web: www.slingtek.com

*Best Compliments*

# Everest Group W.L.L.

**Everest Electrical W.L.L.**

Everest Electrical W.L.L. is a well known market leader for the supply of all electrical materials in the Kingdom of Bahrain. Professionally managed with dedicated staff, well trained to handle all customer queries to offer suitable solutions for complete customer satisfaction. Representing world leaders in electrical for all industrial and commercial applications.

**AL MUFEED CONTRACTING** — AMC — Civil, Electrical, Plumbing, Air Conditioning and General Maintenance — GRADE "A" ELECTRICAL CONTRACTOR

Al Mufeed Contracting W.L.L. is a leading Civil, Electrical & Mechanical contracting company in the Kingdom of Bahrain having "Grade A" Certification in Electrical Contracting. Major projects for ministries, BDF & Bahrain Airport Authority have been completed with full satisfaction of the clients.

**MANAMA SWITCHGEAR & LIGHTING** — المنامة

Manama Switchgear & Lighting W.L.L. ISO 9001: 2008 certified (Formerly known as M/s. Meriam Factories & Est., established in 1999.) is a leading manufacturer of LV Panel, Distribution Board, Control Panel, Light Fittings and Fire rated steel door, Louver ventilation for substation, based in Kingdom of Bahrain.

**SPARK INTERNATIONAL**

Spark International based in the Kingdom of Saudi Arabia, represents Everest Electrical for the supply of well known leading international brands in electrical products and accessories. Engaged in supply of all electrical products and support services to major Industries and commercial projects. Managed locally in KSA and supported by Head Office in Bahrain capable of assuring complete customer satisfaction.

eubiq · VENTURE LIGHTING · TRIDONIC · PRESTO PLAST · NCI · MAXIMUS · DECODUCT CABLE MANAGEMENT SYSTEMS · SYLVANIA · LS · SIEMENS · RR KÄBEL · HAVELLS · C&S · ACE SUPER IMPEX · Fulham · siteco AN OSRAM BUSINESS · GRUPO MCI



**Tel: 17 6777 84  E-Fax: 17 9102 42**

PO Box 32849, Kingdom of Bahrain

**Email: sales@everestelectrical.com  Web: www.everestelectrical.com**





YOUTH VOICE

ST.THOMAS ORTHODOX YOUTH MOVEMENT

St.Mary's Indian Orthodox Cathedral

Kingdom of Bahrain

www.facebook.com/ocymbahrain

For private circulation among Cathedral members only